റൈററ്: റവ: മോൺ:

പോൾ ചിററിലപ്പിള്ളിയുടെ

# ദൗർഭാഗ്യകരമായ പ്രസ്താവന.

DHARMARAM COLLEGE LIBRARY BANGALORE
14984
67
36

# നിർഭാഗ്യകരമായ പ്രസ്താവന.

DHARMARAM COLLEGE LIBRARY BANGALORE
14984

തൃശ്ശൂർ രൂപതയുടെ വികാരി ജനറാൾ റൈററ് റവ: മോൺ: പോൾ ചിററിലപ്പള്ളി, തൃശ്ശൂർനിന്നു് പ്രസിദ്ധപ്പെടുത്തുന്ന "കേരള ക്രോണിക്കിൾ, എക്സ്പ്രസ്സ്, നവജീവൻ (കമ്യൂണിസ്റ്റ് പത്രം)" മുതലായ പത്രങ്ങൾവഴി കേരളത്തിലെ വിവിധ സന്യാസ സമൂഹങ്ങൾപ്പെടെ ഉള്ള ആയിരത്തിൽപരം വൈദീകരെ ഏററവും നികൃഷ്ടമായും നിഷ്ഠൂരമായും താറടിച്ചും തെററിദ്ധരിപ്പിച്ചും കൊണ്ടുള്ള ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു. ഈ പ്രസ്താവനമൂലം നാനാജാതി മതസ്ഥരുടെയും പലവിധ രാഷ്ട്രീയ ചിന്തകരുടെയും ഇടയിൽ ചിതറി പാർക്കുന്ന അൽമായരായ കത്തോലിക്കർക്കു് ഉണ്ടായിരിക്കുന്ന പ്രയാസങ്ങൾ സ്വന്ത അനുഭവത്തിൽനിന്നു് വ്യക്തമാക്കിക്കൊണ്ടു് 1962

ആഗസ്റ്റ് 13, 14, 16 എന്നീ തീയതികളിൽ; ഒരു സാമൂഹ്യ പ്രവർത്തകനും ആലപ്പുഴ സ്വദേശിയും കത്തോലിക്കാ അൽമായ പ്രേക്ഷിതനും ഇപ്പോൾ ഭരണങ്ങാനത്തു് താമസിക്കുന്നവനുമായ വി. എൽ തോമസ്സ് പ്രസ്തുത വികാരി ജനറാളുമായി തൃശ്ശൂർ അരമനയിൽവെച്ചും അദ്ദേഹത്തിന്റെ സ്ഥാപനമായ ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ടിൽവെച്ചും ഉദ്ദേശം മൂന്നു മണിക്കൂർ നടത്തിയ സംഭാഷണത്തിന്റെ വിവരണം പ്രസിദ്ധപ്പെടുത്തേണ്ടതു് ആവശ്യമായി വന്നിരിക്കയാൽ അതു് പൊതുജനങ്ങളുടെ അറിവിനായി പ്രസ്തുത വി എൽ. തോമാസ്സായ ഞാൻതന്നെ പ്രസിദ്ധീകരിക്കുന്നു.

ഞാനും വികാരി ജനറാളുമായി നടത്തിയ സംഭാഷണം താഴെ കൊടുക്കുന്ന രീതിയിലായിരുന്നു.

വി. എൽ. തോമസ്സ്:- പെ: ബ: മാലാക്കിയൂസ് അച്ചൻ 22-6-62ൽ അയച്ച രഹസ്യ കത്തിനു് മറുപടിയായിട്ടാണല്ലോ അങ്ങു് പ്രസ്താവന ഇറക്കിയതു്. ആ കത്തിന്റെ കോപ്പി അങ്ങയുടെ പ്രസ്താവനയിൽ കണ്ടില്ല. ആ സ്ഥിതിക്കു് അദ്ദേഹത്തിന്റെ അനുവാദത്തോടുകൂടിയാണോ ആ രഹസ്യകത്തു് പ്രസിദ്ധപ്പെടുത്താതെ

അതിനു നാമമാത്ര മറുപടിയെന്നവണ്ണം അങ്ങ് പ്രസ്താവനയ്ക്കു് മുതിന്നതു്.

വി: ജനറാൾ:- ആ കാര്യം നിങ്ങൾക്കറിയാൻ ഉള്ള ആവശ്യം എന്തു്?

വി. എൽ. തോമസ്സ്:-അങ്ങ് ക്ഷമിക്കണം. എനിക്കും മററനേകൎക്കും അതറിയുവാൻ അത്യാവശ്യമുണ്ടു് കേട്ടാലും. അങ്ങയുടെ പ്രസ്താവനയെ നിരൂപണം ചെയ്തുകൊണ്ടുള്ള വാദപ്രതിവാദങ്ങൾ ബാർബർഷാപ്പുകളിലും, വായനശാലകളിലും, ചായക്കടകളിലും, പീടികത്തിണ്ണകളിലും, തൊഴിൽ ശാലകളിലും, മദ്യഷാപ്പുകളിലും, യാത്രാവാഹനങ്ങളിലും നടക്കുന്നുണ്ടു്. സാമൂഹ്യപ്രവൎത്തകരായ ഞങ്ങളോടു് മററുള്ളവർ ചോദിക്കുന്ന ചോദ്യങ്ങൾക്കു് ഉത്തരം മുട്ടിയതുകൊണ്ടാണു് ഈ കാര്യം സംബന്ധിച്ചു് ചോദിക്കുന്നതു്.

വികാരി ജനറാൾ:= എനിക്കു് പറയാനുള്ളതെല്ലാം എൻെറ പ്രസ്താവനയിൽ എഴുതിയിട്ടുണ്ടു്. അതിൽ കൂടുതൽ ആരോടും സംസാരിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

വി. എൽ. തോമസ്സ്:- വളരെ പ്രയാസപ്പെട്ടാണു് ദൂരെനിന്നു് ഞാൻ ഇവിടെ വന്നതു്. ഞാൻ സാമൂഹ്യരംഗത്തു് പ്രവൎത്തിക്കുന്ന ഒരു അൽമായ പ്രേക്ഷിതനാണു്. എന്നെ സംബന്ധിച്ചു് വൈദീക മേലദ്ധ്യക്ഷന്മാരും വൈദീകരും നല്കീയിട്ടുള്ള സർട്ടിഫിക്കററുകൾ ക

ണ്ടാലും. (സർട്ടിഫിക്കററുകൾ വികാരി ജനറാൾ വാ യിച്ചു) അങ്ങയുടെ പരസ്യപ്രസ്താവന മൂലം ഞങ്ങളുടെ പ്രവത്തന മണ്ഡലങ്ങൾ സ്തംഭിച്ചിരിക്കയാണു്. തന്നെ യുമല്ല ദേഹോപദ്രവം പോലും ഏല്ക്കുവാനുള്ള സാഹ ചര്യവും വന്നു ഭവിച്ചിരിക്കുന്നു. അവിടുന്നു് ദയവായി എൻെറ ചോദ്യങ്ങൾക്കു് തക്കതായ മറുപടിതന്നു് സ മാശ്വസിപ്പിക്കണമെന്നു് കേണുവീണു് അപേക്ഷിക്കു കയാണു്.

വികാരി ജനറാൾ:-ആട്ടെ എന്തൊക്കെയാണു് നി ങ്ങൾക്കു് പറയാനുള്ളതു്.

വി. എൽ തോമസ്സ്:-അങ്ങയുടെ പ്രസ്താവനയ്ക്കാധാ രമായ കത്തു് അങ്ങു പ്രസിദ്ധപ്പെടുത്തിയില്ല. അനേ കം വൈദീകർ കുമ്പസാരക്കൂട്ടകളും പ്രസംഗ പീഠങ്ങ ളും ഭക്ത സംഘടനകളും ദുർവിനിയോഗിക്കുന്നു എന്നു ള്ള ആരോപണത്തിൽ നിന്നു് കമ്മ്യൂണിസ്റ്റുകാരും മ ററും മുതലെടുത്തിരിക്കയാണു്. കുമ്പസാരക്കൂട്ടകൾ വ ഴിയും മററും വൈദീകർ അസാന്മാർഗ്ഗീക ജീവിതം അ നുഷ്ഠിക്കുകയും ചൂഷണം നടത്തുകയും ചെയ്യുന്നവരാണെ ന്നു് പണ്ടേതന്നെ അവർ പ്രചരണം നടത്തുകയും പ്രസി ദ്ധീകരണങ്ങൾ ഇറക്കുകയും ചെയ്തിട്ടുള്ളവരാണു്. അ ങ്ങനെയുള്ള കുപ്രചരണങ്ങൾക്കും പ്രസിദ്ധീകരണങ്ങൾ ക്കും എതിരായി ഞങ്ങൾ പലതരത്തിലും ശക്തമായി പ്രവത്തിച്ചുകൊണ്ടിരുന്നവരാണു്. ഏററുമുട്ടലുകളും കോടതികയററങ്ങളും ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ടു്. എ ന്നാൽ ഇപ്പോൾ അവരുടെ വാദത്തെ തൃശ്ശൂർ വി: ജന

റാഠം സ്ഥിരീകരിക്കുന്നു എന്നുള്ള ന്യായം പറഞ്ഞുകൊണ്ടു് തല്പര കക്ഷിക്കാർ ഞങ്ങളെ തേടിപ്പിടിച്ചു് ചോദ്യങ്ങഠം ചെയ്യുന്നു. ഞങ്ങഠംക്കു് അവ നിരുപാധികം സമ്മതിക്കുവാൻ സാധിക്കാത്തതുകൊണ്ടു് അവർ പ്രതികാരത്തിനു് മുതിരുകയും ഞങ്ങഠം ഭയവിഹ്വലരായി ഒളിവിൽ നടക്കുകയുമാണു. കൂടാതെ ഞങ്ങളിൽ പലരുടെയും കുടുംബാംഗങ്ങളിൽതന്നെ കമ്മ്യൂണിസ്റ്റ് പ്രവത്തകരുള്ളതുകൊണ്ടു് ഈ കാര്യത്തെക്കുറിച്ചുള്ള വാദപ്രതിവാദംമൂലം എല്ലാദിവസവും കുടുംബ കലഹങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇനിയും ഇതിൽക്കൂടുതൽ ദൂഷ്യഫലങ്ങഠം ഉണ്ടാകുമെന്നുള്ളതു് തീർച്ചയുമാണു്. പ്രത്യേകിച്ചു് അവർ കുമ്പസാരക്കൂടിന്റെ കാര്യങ്ങളാണു് മുറുകെ പിടിച്ചിരിക്കുന്നതു്.

വി: ജനറാഠം:- ഇൻറർന്യൂൺഷ്യോയ്ക്കുള്ള മെമ്മോറാണ്ഡത്തിൽ ഒപ്പിട്ടവരായി ഞാൻ സൂചിപ്പിച്ചിട്ടുള്ള വൈദീകർ കുമ്പസാരക്കൂടു് ദുർവിനിയോഗിക്കുന്നു എന്നുള്ളതു് നാട്ടുകാർക്കെല്ലാം അറിയാവുന്നതാണു്.

വി. എൽ. തോമസ്സ്: അങ്ങയുടെ ലേഖനത്തിൽ അഞ്ഞൂറു് വൈദീകർ മെമ്മോറാണ്ഡത്തിൽ ഒപ്പിട്ടിട്ടുണ്ടെന്നാണു് കണ്ടതു്. എന്നാൽ എന്റെ അറിവിൽ ആകെപ്പാടെ ആയിരത്തിൽപരം വൈദീകർ പ്രസ്തുത മെമ്മോറാണ്ഡം ഒപ്പിട്ടു് ഇൻറർന്യൂൺഷ്യോയ്ക്കു് സമപ്പിച്ചിട്ടുണ്ടെന്നുള്ളതാണു്. ഇവരെല്ലാം കുമ്പസാരക്കൂടു് ദുർവിനിയോഗിച്ചതായി കേരളത്തിലുള്ള ഇരുപതുലക്ഷത്തിൽപരം കത്തോലിക്കരിൽ ഇരുപതുപേരെങ്കി

ലും അങ്ങയോട്ട് പറഞ്ഞുകാണുമോ (ഉത്തരമില്ല!)

ആ രഹസ്യം പറയുന്നില്ലായിരിക്കാം ഒരുപക്ഷെ പ്രസ്തുത ഇരുപതു ലക്ഷംപേരും മററുള്ള എല്ലാ ജാതി മതസ്ഥരും അങ്ങയോടു പറയുകയും അങ്ങ് അതെല്ലാം വിശ്വസിക്കുകയും ചെയ്യുന്നുവെന്നുതന്നെ ഇരിക്കട്ടെ. അങ്ങനെയെങ്കിൽ ഇത്രയും കോലാഹലം ഒന്നും ഉണ്ടാക്കാതെയും കമ്മ്യൂണിസ്റ്റുകാർക്ക് ബാർബർ ഷാപ്പിലും, പീടികത്തിണ്ണകളിലും. മദ്യഷാപ്പുകളിലും മററും ഇതു പറഞ്ഞ് അങ്ങയെ അവരുടെ ഉററ സഹപ്രവർത്തകനാക്കി മുതലെടുപ്പാൻ അവസരം കൊടുക്കാതെയും പ്രസ്തുത വൈദീകരിൽ തൃശ്ശൂർ രൂപതയിലുള്ളവരെ ഉടനെതന്നെ മെത്രാനെക്കൊണ്ട് മുടക്കിക്കുകയും, മററുള്ള രൂപതകളിലെ ഇതുപോലുള്ള വൈദീകരെ മുടക്കിക്കുന്നതിനുമുള്ള പ്രേരണ ചെലുത്തുകയും; ആട്ടിൻകൂട്ടത്തിൽ ചെന്നായ്ക്കൾ വരുമ്പോൾ ചൂണ്ടിക്കാണിക്കണമെന്നുള്ള ക്രിസ്തുനാഥൻെറ സന്ദേശത്തെ ഓർത്ത് അത്തരം ദുഷിച്ച വൈദീകരിൽനിന്ന് അൽമായലക്ഷങ്ങളെ രക്ഷിക്കുവാൻ അവരുടെ പേരുകൾ ഉടനെ പരസ്യപ്പെടുത്തുകയും ചെയ്യേണ്ടതായിരുന്നു. ഇനിയെങ്കിലും ആ കാര്യം ഉടനെ ചെയ്യണം. കാരണം ഏതു വൈദീകരോടാണ് ഇനിയും കുമ്പസാരിക്കേണ്ടതെന്ന് ജനങ്ങളുടെ ഇടയിൽ ഭീതി വളൻവരുന്നു. ആ ഭീതിയെ കമ്മ്യൂണിസ്റ്റുകാരും മററ തല്പരകക്ഷിക്കാരും ചൂടു പിടിപ്പിക്കുകയും ചെയ്യുന്നു.

ഇത്രയും വൈദീകർ മേപ്പടി മെമ്മോറാണ്ഡത്തിൽ

ഒപ്പിട്ടു ഒന്നുരണ്ടു ദിവസങ്ങൾ മാത്രമായിരിക്കയില്ല ല്ലോ കുമ്പസാരക്കൂടുകളും മററും ദുർവിനിയോഗിച്ചു തായി അങ്ങു് അറിഞ്ഞതു്. ഒപ്പിടുന്നതിനു മുമ്പും ദുർ വിനിയോഗിച്ചിരുന്നെങ്കിൽ അപ്പോഴൊക്കെയും ആ ദുർവിനിയോഗങ്ങൾക്കു് അങ്ങു് പ്രോത്സാഹനം നല്കുക യും അങ്ങയുടെ അഭിപ്രായത്തിനെതിരായി ആ ഒപ്പി ടൽ നടന്നപ്പോൾ മാത്രം പ്രസ്തുത ദുർവ്വിനിയോഗം അ വക്കെതിരായി ഉപയോഗിക്കുവാനുള്ള തക്ക കരുവായി സ്വീകരിക്കുകയും ചെയ്തതായിട്ടല്ലേ മനസ്സിലാക്കുവാൻ സാധിക്കുന്നതു്? കൂടാതെ ഒപ്പിടാത്തവർ കുമ്പസാര ക്കൂടു് ദുർവ്വിനിയോഗിക്കുന്നില്ലെന്നു് എന്താണു് ഉറപ്പു്? ഇപ്രകാരമുള്ള ബഹുവിധ ചോദ്യങ്ങൾക്കെല്ലാം സാമൂ ഹ്യ രംഗത്തു് പ്രവർത്തിക്കുന്ന ഞങ്ങൾ എന്താണു് ഉത്ത രം പറയേണ്ടതെന്നു് അങ്ങു് പറയണം.

കൂടാതെ കമ്യൂണിസ്റ്റുകാരല്ലാത്ത കത്തോലിക്കർ ചോദിക്കുകയാണു്-തൃശ്ശൂർ രൂപതയുടെ വികാരി ജന റാളിനു ആ രൂപതാദ്ധ്യക്ഷന്റെ അധികാരത്തേയും മ ററു രൂപതാദ്ധ്യക്ഷന്മാരുടെ അധികാരങ്ങളേയും കവച്ചു വെച്ചുകൊണ്ടു് എല്ലാ രൂപതകളിലുംപെട്ട സന്യാസി മാരടക്കമുള്ള അനേകം വന്ദ്യവൈദികരുടെമേൽ ഇപ്ര കാരമുള്ള കഠിന കുററാരോപണവിധി നടത്തുവാൻ പ രിശുദ്ധ മാർപ്പാപ്പയോ തിരുസംഘമോ അധികാരം കൊ ടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ ഇന്നു കേരളത്തിലുള്ള എ ല്ലാ മെത്രാന്മാരേയും ഈ ജനറാൾ മുടക്കേണ്ടതല്ലേ? (ഇ ത്രയും പ്രസ്താവിച്ചു കഴിഞ്ഞപ്പോൾ അരമന കോടതിക്കു

സമയമായി എന്നു പറഞ്ഞുകൊണ്ടു് വികാരി ജനറാൾ എണീററുപോയി. പിന്നെ 14-ാംനം-യാണു് സംഭാഷണം തുടന്നതു്.)

വി. എൽ. തോമാസ്സ്:—

മെമ്മോറാണ്ഡത്തിൽ ഒപ്പിട്ട വൈദീകർ "പുരോഗാമികൾ" (കമ്യൂണിസ്റ്റു് ചാരന്മാർ എന്നാണന്നാണല്ലോ മനസ്സിലാക്കി വരുന്നതു്.) ആണെന്നും അവർ പ്രത്യേക പാർട്ടി ഉണ്ടാക്കി രാത്രി കാലങ്ങളിൽ ഗൂഢപ്രവൎത്തനങ്ങൾ നടത്തിവരുന്നതായും അങ്ങയുടെ പ്രസ്താവനയിൽ വിവരിച്ചിട്ടുണ്ടല്ലോ. മററാരിൽനിന്നും ഞങ്ങൾക്കറിയാൻ സാധിക്കാത്തവണ്ണം വൈദീകർ (ഒപ്പിട്ടവർ) പുരോഗാമികളും നിഗ്രൂഢപ്രവൎത്തകരും ആണെങ്കിൽ അതേപ്പററിയുള്ള സൂഷ്മവിശദീകരണം ഉടനെ പ്രസിദ്ധപ്പെടുത്തുകയും അവരുടെ ആ വക—നശീകരണ പ്രവൎത്തനങ്ങളിൽനിന്നു് അൽമായരെ രക്ഷപ്പെടുത്തുവാനുള്ള മാൎഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യണം. അതിനു് അങ്ങു് എന്തു് ഉത്തരം പറയുന്നു? (ഉത്തരമില്ല)

സഭയിൽ പ്രഖ്യാപിക്കപ്പെട്ട വിശ്വാസ സത്യങ്ങളിൽ ഒന്നായ അമലോത്ഭവ സത്യത്തെക്കുറിച്ചുപോലും പരസ്യ പ്രഖ്യാപനത്തിനുമുമ്പു് വേദപാരംഗതരിൽതന്നെ അഭിപ്രായവ്യത്യാസം ഉണ്ടായിട്ടുണ്ടു്. വി: യോവാൻ ഓഫ് ആക്ക്, വി: കരിശിൻെറ യോഹന്നാൻ മുതലായവരെ കുറിച്ചും അധികാരികളുടെ ഇട

യിൽ അഭിപ്രായവ്യത്യാസം ഉണ്ടായിട്ടുണ്ട്. വി: ഫ്റാൻസിസ് അസ്സീസ്സിയുടെ ദാരിദ്ര നിയമാവലി അനുവദിക്കുന്നതിന്ന് കർദ്ദിനാളിന്മാരിൽതന്നെ അനേകർ പ്രതികൂലികളായിരുന്നു. ഇക്കാലത്തുതന്നെ 90 ശതമാനത്തോളം കത്തോലിക്കർ ഉള്ള സ്പെയ്നിൽ നടക്കുന്ന അതിഗംഭീര പണിമുടക്കിനെ കുറിച്ച് വൈദീക മേഖലയിൽ രണ്ടഭിപ്രായം ഉള്ളവരാണ്. പല പള്ളികളിലും വികാരിയും അസ്സിസ്റ്റന്റും തമ്മിൽ ചില കാര്യങ്ങളിൽ വിവാദങ്ങൾ ഉണ്ടാകാം. വിശ്വാസസത്യപരമല്ലാത്ത പല കാര്യങ്ങളിലും ഇങ്ങനെ വൈദീകവൃന്ദത്തിൽ അഭിപ്രായ ഭിന്നതകൾ ഉണ്ടാകാവുന്നതാണെന്നുള്ളതു് വ്യക്തമാണല്ലോ. എന്നുവെച്ച് ഒരു ഭാഗക്കാർ മറുഭാഗക്കാരെ പുരോഗാമികളും കുമ്പസാരക്കൂട്ടം മററം ദുർവിനിയോഗിക്കുന്നവരും ഗൂഢപ്രവർത്തകരും ആണെന്നു താറടിച്ച് പ്രതികാരം ചെയ്യുന്ന അവസ്ഥ ഉണ്ടായതായി ഇപ്പോൾ അങ്ങുവഴിമാത്രമെ അറിയുന്നുള്ളു. അങ്ങ് ചെയ്ത ഈ പ്രവൃത്തി സമുദായഗാത്രത്തിൽ അടുത്ത കാലത്തെങ്ങും സുഖപ്പെടുവാൻ നിവൃത്തിയില്ലാത്തവണ്ണം ഏററിട്ടുള്ള ഒരു ആഴമായ മുറിവായിട്ടാണ് ഞങ്ങൾക്ക് അനുഭവപ്പെടുന്നതു്. ഞങ്ങളുടെ സന്താനങ്ങൾ പോലും വൈദീകരെ സംശയിക്കുവാനും കുററം പറയുവാനും തുടങ്ങിക്കഴിഞ്ഞു. ഇതിനെല്ലാം എന്തു് പ്രതിവിധിയാണ് അങ്ങേക്ക് ഉപദേശിക്കുവാനുള്ളതു്. (മറുപടിയില്ല!)

കർത്താവ് ചെയ്യുന്ന അത്ഭുതങ്ങൾ മനഃപൂർവ്വം മററുള്ളവരെ തെററിദ്ധരിപ്പിച്ച് സ്വാർത്ഥം നിലനിർത്തുന്നതിനുവേണ്ടി പ്രീശന്മാർ, "ഇവൻ ഇതെല്ലാം പിശാചു

ണസേവകൊണ്ടു് ചെയ്യുന്നു'' എന്നു പറഞ്ഞപ്പോഠം ഈശോ "ഞാൻ സത്യമായി നിങ്ങളോടു പറയുന്നു; സകല പാപങ്ങളും മനുഷ്യർ പറയുന്ന ദൂഷണങ്ങളും അവരോടു് ക്ഷമിക്കപ്പെടും. എന്നാൽ പരിശുദ്ധാത്മാവിനു് എതിരായി ദൂഷണം പറഞ്ഞാൽ അവനു് ഒരിക്കലും മോചനമില്ല— അവൻ നിത്യവിധിക്കു് അർഹനാകുന്നു''. അങ്ങനെയെങ്കിൽ എൻെറ അറിവിൽ പുണ്യവാന്മാരെപോലുള്ള അനേകം ധ്യാനഗുരുക്കന്മാർ അടങ്ങുന്ന വന്ദ്യവൈദീകർ മൊമ്മോറാണ്ഡത്തെ അനുകൂലിച്ചിട്ടുണ്ടു്. അവരെ എല്ലാം വൈര്യാഗ്യവും പകയുംവെച്ചുകൊണ്ടു് എന്തോ സ്വാർത്ഥോദ്ദേശ്യം സാധിക്കുന്നതിനുവേണ്ടിയെന്നോണം "പുരോഗാമികളെ"ന്നും കമ്പസാര ദുർവിനിയോഗികളെന്നും മററും മററും സകല അധികാര മര്യാദസീമകളെയും ലംഘിച്ചുകൊണ്ടു് കമ്യൂണിസ്റ്റ് പത്രങ്ങഠം വഴിയായും അങ്ങു നടത്തിയിരിക്കുന്ന ഈ പരസ്യ പ്രസ്താവന ദൈവം എങ്ങനെ വീക്ഷിക്കുമായിരിക്കും! ഇതിനുംപുറമെ അങ്ങയുടെ ആടുകളായ ഞങ്ങളേയും ഞങ്ങളുടെ കുഞ്ഞുങ്ങളേയും ഈ പഴുതുപയോഗിച്ചുകൊണ്ടു് കമ്യൂണിസ്റ്റ് ചെന്നായ്ക്കഠം കടന്നു് ആക്രമിക്കുന്നതിലും അങ്ങേക്കു് സഹതാപം ഒന്നും തോന്നുന്നില്ലേ? (ഉത്തരമില്ലാ!)

മൊമ്മൊറാണ്ഡത്തിൽ ഒപ്പിടുന്നതിനുമുമ്പ് തൃശ്ശൂർ രൂപതയിൽത്തന്നെയുള്ള ഏതാനും വന്ദ്യവൈദീകർ മെമ്മൊറാണ്ഡം തൃശ്ശൂർ ബിഷോപ്പിനു സമർപ്പിച്ചു

കൊണ്ടു കാര്യം മനസ്സിലാക്കി കൊടുക്കുകയും ഒപ്പിട്ടു് ഇൻറർന്യൂൻഷോയ്ക്കു് അയക്കാനുള്ള അനുവാദം വാങ്ങിക്കയും ചെയ്തിരുന്നതായി നല്ല തെളിവുണ്ടു്. അങ്ങനെയെങ്കിൽ ആ അനുവാദം നല്കിയ മെത്രാൻ തിരുമേനിയേയും വികാരി ജനറാൾ ആയ അങ്ങു് "പുരോഗാമിയും" കുമ്പസാരക്കൂട്ട് ദുർവിനിയോഗിയും മറവമായി താറടിച്ചതുപോലെയായില്ലേ? രോഗബാധിതനായി വളരെ വിഷമിച്ചുകൂട്ടുന്ന ആ തിരുമേനിയെ അങ്ങേയ്ക്കു്—ഇപ്പോൾ എങ്ങനെയും പാവകളിപ്പിക്കുവാൻ സാധിക്കുമെന്നുള്ള ധിക്കാരത്തിൽനിന്നാണു് ഈ പ്രസ്താവനയ്ക്കു് അങ്ങു് ധൈര്യപ്പെടുന്നതെന്നു് പലരും പറയുന്നുണ്ടു്. ഇതിന്നു് ഉത്തരം പറയുമോ? (ഉത്തരമില്ല.)

ഈ മെമ്മോറാണ്ഡം സ്വീകരിച്ച ഇൻറർന്യൻഷ്യോ തിരുമേനിക്കു് ഇവിടെയുള്ള മെത്രാന്മാരേക്കാളുമൊക്കെ ഒരു വിധത്തിൽ അധികാരം കൂടുതലുണ്ടല്ലോ? അദ്ദേഹം ഈ മൊമ്മോറാണ്ഡത്തിന്നെതിരായി യാതൊരു ഔദ്യോഗിക പ്രസ്താവനയും ചെയ്യാതിരുന്നതു് അദ്ദേഹവും "പുരോഗാമിയും" കുമ്പസാരക്കൂട്ട ദുർവിനിയോഗിയും മറവം ആയതുകൊണ്ടായിരിക്കുമോ? (ഉത്തരമില്ല)

ചുങ്കക്കാരെയും പാപികളെയുംപോലും കർത്താവു് സ്വീകരിച്ചെങ്കിൽ ഈ നാട്ടിലെ അനേകം വന്ദ്യവൈദീകർ അവരുടെ പരമാധികാരിയായ മാർപ്പാപ്പയുടെ പ്രതിനിധി വന്നപ്പോൾ അവരുടെ ഒരഭിപ്രായം അദ്ദേഹത്തിന്നു സമർപ്പിക്കുകയും അദ്ദേഹം സ്വീകരിക്കയും

ചെയ്തതിനെതിരായി തൃശ്ശൂർ രൂപതയിലെ വികാരി ജനറാൾമാത്രം ഇത്ര നികൃഷ്ടമായ തെരുവാരോപണങ്ങൾ നടത്തിയതിനെക്കുറിച്ച് തെരുവിൽവെച്ചുതന്നെ നടക്കുന്ന ചോദ്യങ്ങൾക്ക് തെരുവിൽ നടക്കേണ്ടിവരുന്ന ഞങ്ങൾ എന്തു് ഉത്തരം പറഞ്ഞാണു് രക്ഷപ്പെടേണ്ടതു്? (ഉത്തരമില്ല)

അമരാവതിയിൽ ഓടിയെത്തിയ അശരണരെ ഫാദർ വടക്കൻ ആശ്വസിപ്പിച്ചതിന്നു് ചങ്ങനാശ്ശേരി മെത്രാൻ രേഖാമൂലം തൃശ്ശൂർ മെത്രാനോട് ആവശ്യപ്പെടാതെ ഫാദർ വടക്കനെക്കൊണ്ടു് അമരാവതിൽ പ്രവൃത്തിപ്പിച്ചു എന്നുള്ള ഒരാരോപണവും അങ്ങയുടെ പ്രസ്താവനയിലുണ്ടല്ലോ. അങ്ങനെ ചങ്ങനാശ്ശേരി മെത്രാൻെറ ഭാഗത്തു് തെററുപററിയിട്ടുണ്ടെങ്കിൽ ചങ്ങനാശ്ശേരി മെത്രാനെ ശാസിക്കുവാൻ അങ്ങേയ്ക്കു അധികാരമുണ്ടെങ്കിൽ ആ കാര്യം രഹസ്യമായി ചങ്ങനാശ്ശേരി മെത്രാനെ അറിയിക്കാമായിരുന്നില്ലേ? അതും ഈ തെരുവിലെ ചവറു കുററിത്തക്കംവഴിയാണോ അവതരിപ്പിക്കേണ്ടതു്? (ഉത്തരമില്ല.)

1958ൽ മലബാർവനം കുടിയേററക്കാർക്കു് ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തു കൊടുക്കുവാൻ വേണ്ടി തൃശ്ശൂർ രൂപതയിൽനിന്നു് 4 ലക്ഷംരൂപാ ചിലവാക്കിയിട്ടുണ്ടെന്നു് അങ്ങയുടെ പ്രസ്താവനയിലുണ്ടല്ലോ. എന്നാൽ ആ പ്രസ്താവനയുടെ മറെറാരുഭാഗത്തു അങ്ങു പറയുന്നു, ആ വനം കുടിയേററം അക്രമവും അനീതിയുമൊക്കെയാണെന്നു്. 1958ൽ 4 ലക്ഷംരൂപാ,

അക്രമത്തിന് കൂട്ടുനില്ക്കാനും പ്രോത്സാഹനം നല്കാനും കമ്യൂ: ഗവർമ്മെണ്ടിനെ തകിടം മറിക്കുവാനുംവേണ്ടി മനഃപൂർവ്വം ചെയ്തതല്ലെയെന്ന് കമ്യൂണിസ്റ്റ്കാർ ചോദി ക്കുന്നു. കോൺഗ്രസ്സ് ഗവർമ്മെണ്ട് വന്നതുകൊണ്ടാണോ അന്നത്തെ പ്രോത്സാഹനം ഇന്ന് അക്രമണമായി മാറിയതു്. അഥവാ അന്ന് അങ്ങയുടെ ഇഷ്ടത്തിന്നെതിരായി മെത്രാൻ തിരുമേനിയായിരിക്കാം ആ 4 ലക്ഷം രൂപായുടെ പ്രോത്സാഹനം നല്കിയതു്. അങ്ങനെയെങ്കിൽ മെത്രാൻ തിരുമേനിയെ കൊള്ളത്തലവനായി ചിത്രീകരിച്ചതിനു തുല്യമായില്ലെ അങ്ങയുടെ പ്രസ്താവന? (ഉത്തരമില്ല)

സസ്നേഹം കാലിത്തൊഴുത്തിൽ ഒരു പ്രാവശ്യം മാത്രം കൃസ്തുനാഥൻ എഴുന്നുള്ളിയതിനെ ആധാരമാക്കി ആ കാലിതൊഴുത്തു് ഇന്നും പൂജ്യമായി വണങ്ങപ്പെടുന്നു. എന്നാൽ "പഴയരികണ്ടം പള്ളിയി"ൽ 5 പ്രാവശ്യം ദിവ്യനാഥൻ എഴുന്നുള്ളിയിട്ടുണ്ടു് (അഞ്ചുപ്രാവശ്യം കുർബാനചൊല്ലി) കല്ലും കുമ്മായവും എന്തുമാത്രം കെട്ടിയുയർത്തിയാലും ദിവ്യബലി അർപ്പിച്ചിട്ടില്ലെങ്കിൽ അതിനെ പൂജ്യദേവാലയമായി കത്തോലിക്കർ ഗണിക്കാറില്ല. ചെററകുടിലിലായിരുന്നാലും ദിവ്യബലി അർപ്പിച്ചാൽ അവിടെ വിശുദ്ധമായി അവർകരുതും. അങ്ങനെ ഒരു പള്ളി ഗവർമ്മെണ്ടുദ്യോഗസ്ഥന്മാർ കത്തിച്ചു കളഞ്ഞതു് തെററായിപ്പോയെന്ന് ഒരു വൈദികനായ ഫാദർ വടക്കൻ പറഞ്ഞപ്പോഠം പല മക്കളുടെ പിതാവായ

ശ്രീ. പി. ടി. ചാക്കോ ആ മക്കൾക്കുണ്ടാകുന്ന ഉത്കണ്ഠ പോലും വകവെയ്ക്കാതെ ആരെയോ ഭയന്നിട്ടോ തൃപ്തിപ്പെടുത്തുവാനായിട്ടോ, "ഒരു വൈദീകൻ കയറുന്ന സ്ഥലമെല്ലാം പള്ളിയാകുമോ" എന്നു ചോദിക്കുകയുണ്ടായി. വൈദീകർ കയറുന്ന ബസ്സും, ബോട്ടും, ഭക്ഷണമുറിയും മററും പള്ളിയാണെന്നു് പറയുന്നില്ല. ദിവ്യബലി അർപ്പിക്കുവാൻവേണ്ടി കയറിയ സ്ഥലത്തെയാണു് പള്ളിയെന്നു് പറഞ്ഞതു്. എന്നാൽ ഒരു വികാരി ജനറാൾ ആയ അങ്ങും ശ്രീ ചാക്കോയോടുചേന്നു് "പഴയരികണ്ടം പള്ളി" കത്തിച്ചതും കൊട്ടിയൂർ കുരിശു്തകത്തതും എല്ലാം എതിരായി പരാതിപ്പെടുന്നതു് വർഗ്ഗീയത വളത്തുവാനായിരുന്നുവെന്നു് അങ്ങയുടെ പ്രസ്താവനയിൽ പറയുന്നുവല്ലോ. അതേ സമയം കൊട്ടിയൂരിൽ കൃസ്ത്യാനികൾ 12 അമ്പലങ്ങൾ കത്തിച്ചുകളഞ്ഞുവെന്നു് അങ്ങയുടെ പ്രസ്തുത പ്രസ്താവനക്കു് പ്രാധാന്യം കൊടുത്തു് മാതൃഭൂമിപത്രം കള്ള പ്രസ്താവനനടത്തി വർഗ്ഗീയകലാപം ഉണ്ടാക്കുവാൻ ഒരുമ്പെട്ടതിന്നെതിരായി അങ്ങു് മൗനംദീക്ഷിക്കുകയാണുണ്ടായതു്. ഇതിൽ നിന്നു് കത്തോലിക്കാ സഭയുടെ നന്മക്കെന്നഭാവത്തിൽ അനേകം കത്തോലിക്ക വൈദീകരെ താറടിച്ച അങ്ങയുടെ ആത്മാത്ഥത ഒരു കത്തോലിക്ക വൈദീകൻെറ അന്തസ്സിനും ഔന്നത്യത്തിനും ചേന്നതാണോ?

കൊട്ടിയൂരിൽ 400 കുടിയാന്മാരേയുള്ളുവെന്നു് മന്നത്തു്പത്മനാഭൻ പറയുകയും മററുള്ളവരെയെല്ലാം കുടിയിറക്കുവാൻ ഒരുമ്പെടുകയും മന്ത്രി വേലപ്പനതു് പര

സ്യമായി പ്രഖ്യാപിക്കുകയും ചെയ്തപ്പോഠം വടക്കനെച്ചൻ കൊട്ടിയൂരിൽ പാഞ്ഞുചെന്നു് അതിന്നെതിരായി സമര മുഴക്കുകയും ഉയർത്തിപ്പിക്കുകയും ചെയ്യുന്നതു് കണ്ടപ്പോഴാണു് മന്നം ആരെയും ഇറക്കുകയില്ലെന്നും മേൽചാർത്തു നടത്തുവാൻ സമ്മതിച്ചാൽ മതിയെന്നുംഉള്ള പ്രസ്താവന ഇറക്കിയതെന്ന പരമാർത്ഥം തെരുവുപിള്ളേർക്കുപോലും മനഃപ്പാഠമായിരിക്കെ അതെല്ലാം മറക്കുകയും മറയ്ക്കുകയും ചെയ്തിട്ട് ജന്മിതാല്പര്യങ്ങളെ നിലനിർത്തുമാറു് "കൊട്ടിയൂരിൽ"നിന്നു് ആരെയും ഇറക്കുകയില്ല എന്നു് മന്നം പ്രഖ്യാപിച്ചിട്ടും വടക്കനെച്ചനും കൂട്ടാളികളുമായ ഒപ്പിട്ട വൈദീകരുംകൂടി മനഃപൂർവ്വം പ്രക്ഷോഭണം ഉണ്ടാക്കിയതാണെന്നു് അങ്ങയുടെ പ്രസ്താവനയിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. മന്നത്തു പത്മനാഭനുമായുള്ള ഏതൊരു ഒത്തുതീർപ്പ് മൂലമാണു് അങ്ങ് ഈ സാഹസ്സ പ്രസ്താവന നടത്തുവാൻ പ്രേരിതനായതെന്നേ ഞങ്ങഠക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നുള്ളൂ. അങ്ങേക്കു് എന്തുതോന്നുന്നു? (ഉത്തരമില്ല)

മന്നത്തു പത്മനാഭന്റെ ജന്മദിന പന്തള വാർഷികം ആഘോഷിച്ചപ്പോഠം 5½ ലക്ഷംരൂപയോളം കത്തോലിക്കരിൽനിന്നു് പിരിച്ചു് കത്തോലിക്കാ പ്രമാണികഠം അദ്ദേഹത്തിനു് സ്തുതിഗീത സമന്വിതം സമർപ്പിച്ചിട്ടും ഉടമ്പൻ ചോലയിൽ മരവിച്ചും വയറെരിഞ്ഞും മരിച്ചുകൊണ്ടിരുന്ന ആ മനുഷ്യജീവികഠക്കു് അരച്ചാക്കു് കപ്പയോ, ഒരു പഴയ പുതപ്പോ ഒരു നല്ലവാ

ക്കോ മന്നത്തു് പത്മനാഭനോ പ്രഭൃതികളോ എത്തിച്ചു കൊടുക്കാഞ്ഞതിൽ അങ്ങേക്കു് വേദനയില്ലപോലും! മനോഗുണ പ്രവൃത്തികളുടെമേന്മ അറിയുകയും പ്രസംഗിക്കുകയും ചെയ്യുന്ന അങ്ങെങ്കിലും അമരാവതിയിൽ ഒന്നു് എത്തിനോക്കിയിരുന്നുവെങ്കിൽ! എന്നാൽ പാവപ്പെട്ട വടക്കനച്ചൻ പരക്കം പാഞ്ഞോടി അനേകൎക്കു് പുതപ്പും ഭക്ഷണവും മരുന്നും തിടുക്കത്തിൽ എത്തിച്ചുകൊടുത്തു് ആ മനുഷ്യജീവികളെ പട്ടിണിയിൽനിന്നും മരണത്തിൽനിന്നും കമ്യൂണിസ്റ്റ് ദുർഭൂതത്തിൽനിന്നും രക്ഷിച്ചതിനെതിരായി അതിർത്തി അധികാരാരോപണവും കൊണ്ടു് പടപൊരുതുവാൻ തുടങ്ങുന്നതു് എത്രയൊ കഷ്ടാകഷ്ടതരമാണു്! അങ്ങു് എന്തു പറയുന്നു? (ഉത്തരമില്ല)

കാടും പുൽമേടുകളും തരിശുഭൂമികളും ആയി പതിനായിരക്കണക്കിനു ഏക്കറുകളുടെ ജന്മിമാരാണെങ്കിലും മെയ്യിനങ്ങി വേലചെയ്യാതെ പട്ടുമുണ്ടും പാവുനേരിയതും ധരിച്ചു സപ്രമഞ്ചങ്ങളിലായി കഴിഞ്ഞുകൂടുന്ന വൻജന്മികൾക്കു് ശാപ്പാടിനുള്ള ‘വഹ’ കരസ്ഥമാക്കുവാൻ ഭൂമിയിൽ പണിചെയ്യുന്നതിനു കഴിവുള്ളവരെ തേടിപിടിച്ചുകൊണ്ടു ചെല്ലുന്ന കങ്കാണിമാൎക്കു് കമ്മീഷൻ പോലും കഴിഞ്ഞ കാലങ്ങളിൽ ആ ജന്മിമാർ നൽകിയിരുന്നു. അങ്ങനെയിരിക്കെയാണു് മണ്ണിനോടു് മല്ലിടുവാൻ മരുങ്ങുള്ള മത്തായിയും മാധവനുമൊക്കെ മൺവെട്ടി കുന്താലികളുമായി അവിടെ ഓടിചെന്നു് ജന്മി

കരം ഏല്പിച്ച ഭൂമിയിൽ—മഞ്ഞും മലമ്പനിയും മരണം പോലും സഹിച്ചുകൊണ്ടു് വെട്ടിക്കിളച്ചു് കഷ്ടപ്പെട്ടു് ഫലഭൂയിഷ്ഠമാക്കി തീർത്തു്. തദവസരം ജന്മിചോദിക്കുന്ന ഫലമൂലാദികരം നൽകുകയും അങ്ങനെ ജന്മിഭവനങ്ങൾ അദ്ധ്വാനം കൂടാതെ സമൃദ്ധമായി കഴിഞ്ഞുകൂടുകയും ചെയ്തിരുന്നു. പാവം കൃഷിക്കാർക്കാവശ്യമായ റോഡ്, തപാൽ ആഫീസ് മുതലായവ നിർമ്മിക്കുന്നതിലേക്ക് ഗവമ്മേണ്ടിനു സമർപ്പിച്ച അപേക്ഷകളിൽ മുൻജന്മികളുംകൂടി ഒപ്പിട്ടിട്ടുള്ള അനേകം രേഖകൾ സർക്കാരാപ്പീസ്സുകളിലെ ഫയലുകൾ പരിശോധിച്ചാൽ കാണാവുന്നതാണു്. അനേകവർഷത്തെ പഴക്കമുള്ള കവുങ്ങ്, മാവ്, പ്ലാവ് മുതലായ ഫലവൃക്ഷങ്ങൾ ഈ കൃഷിക്കാരുടെ പ്രയത്നഫലങ്ങളെന്നോണം ദൃക്സാക്ഷികളായി വളർന്നു നില്ക്കുന്ന മേല്പടി ''ദേഹണ്ഡ ഭൂമികളിൽ" "കയ്യേററം നടത്തിയിരിക്കുന്നു" എന്നു് ജന്മികൾ പരാതിപ്പെട്ടിരിക്കുന്ന റിക്കാർഡുകൾ അക്കാലങ്ങളിലൊന്നും സർക്കാർ ഫയലുകളിൽ കാണുകയില്ലെന്നതു് സ്പഷ്ടമാണു്. ഇതിൽനിന്നു തെളിയുന്നതു് കൃഷിക്കാർ ജന്മികൾക്ക് അവർ ചോദിച്ചിരുന്ന ആദായങ്ങൾ നല്കിയിരുന്നുവെന്നല്ലേ? ഇതിനെ കുറിച്ചാണു് വാക്കാൽചാർത്തു് എന്നു പറയുന്നതു്. കണ്ടാലും! ആ കൃഷിക പിതാക്കളുടെ കഷ്ടപ്പാടിൻെറ ഫലമായി മുളച്ചു വിളഞ്ഞ ഫലം അവർ (ജന്മികൾ) ഭക്ഷിച്ചുണ്ടായ രക്തമജ്ജയിൽനിന്നു് ഫലമെടുത്തു വളർന്നു വന്നവരല്ലേ ഇന്നത്തെ ജന്മിമാരോ സന്താനങ്ങളോ! ഇവർക്കുമാത്രമുള്ളതാണോ ഈ

ഭൂമിയുടെ അവകാശം? അതോ തങ്ങൾക്ക് ഏല്പിച്ചു
കൊടുത്ത ഭൂമിയിൽ എല്ലുമുറിയേ കഷ്ടപ്പെട്ട്, നെററി
യിലെ വിയൎപ്പുചിന്തി കനകംവിളയിപ്പിക്കുന്ന പാവം
മത്തായിക്കും മാധവനും ഈ ഭൂമിയിൽ അവകാശമൊ
ന്നുമില്ലേ? അവരെവെറും കയ്യേററക്കാരായി മുദ്രയടി
ക്കുന്നതു് ശരിയോ? (ഉത്തരമില്ല)

തീവണ്ടിയിലും മററും ടിക്കററ് കൂടാതെ ചിലർ
യാത്രചെയ്യാറുണ്ടെങ്കിലും യാത്രക്കാരെല്ലാം ആ വിധ
ക്കാരല്ലല്ലോ. ഒരു പുരുഷാരത്തിന്നകത്തു് ഒന്നു രണ്ടു്
പോക്കററടിക്കാരുണ്ടെന്നുവെച്ചു് എല്ലാവരും പോക്ക
ററടിക്കാരാകയില്ലല്ലോ. അതുപോലെ അപൂൎവ്വം ചില
കൊള്ളക്കാരും കുടിയേററക്കാരുടെ കൂട്ടത്തിൽ കയറിയി
രിക്കാം. എന്നാൽ കുടിയേററക്കാരിൽ ബഹുഭൂരിപ
ക്ഷവും നിഷ്ക്കളങ്കരും അദ്ധ്വാനപ്രിയരും ജന്മിഭക്തരും
ആയിരുന്നു. അവരെല്ലാം പാഴ്, ഭൂമികൾ ഫലവത്താ
ക്കിതീൎത്തപ്പോൾ യുക്തിയും ന്യായവാദവുംകൊണ്ടു് സ
ത്യത്തെ ഗോപനം ചെയ്തുകൊണ്ടു് അവരെ നിരാശരും
നിരാലംബരുമാക്കി ആട്ടിയോടിച്ചു് തന്ത്രപരമായി
ആദായം കരസ്ഥമാക്കാൻ അമ്പലംകത്തിച്ചുവെന്ന അ
വസ്താവ പ്രസ്താവനകളിറക്കി ഓടിയെത്തിയ മേൽചാ
ത്തു ഭൂതങ്ങളോടുചേൎന്ന തൃശ്ശൂർ വികാരി ജനറാളുടെ ല
ജ്ജാകരമായ പ്രസ്താവനകൾ പ്രതിഷേധാൎഹമാണു്. സ
കല ധാൎമ്മികമൂല്യങ്ങളേയും തൃണവൽഗണിച്ചുള്ള അ
ങ്ങയുടെ പ്രസ്താവനകൾ ബഹുഭൂരിപക്ഷം അദ്ധ്വാന
ശീലരായ കത്തോലിക്കൎക്കും ഇതര സമുദായംഗങ്ങൾ

ക്കും വൈദീക വിദ്വേഷം ആളിക്കത്തിക്കുവാൻ പര്യാപ്തമാവുകയില്ലേ? അങ്ങേക്ക് എന്തു പറയുന്നു?

ഉട്ടമ്പൻ ചോല കൃഷകരെ പത്തുകൊല്ലം കഴിഞ്ഞു നടപ്പാക്കാനുള്ള പദ്ധതികളുടെ പേരുംപറഞ്ഞു് പാകമായിക്കിടന്ന വിളവുകൾപോലും കൊയ്തെടുക്കുവാൻ അനുവദിക്കാതെ, കുടിലുകൾ തീവെച്ചും വിളവുകൾ നശിപ്പിച്ചും കാലവർഷത്തിന്റെ മൂർദ്ധന്യദശയിൽതന്നെ പെരുംമഴയത്തു് പെരുവഴിയിൽ ഇറക്കിവിട്ട്, പടുവൃദ്ധരും പൊടികുഞ്ഞുങ്ങളും യുവതീയുവാക്കന്മാരും ഗർഭിണികളും അടക്കമുള്ള അനേകായിരം കൃഷകരെ ഒന്നിച്ചു ചത്ത മത്സ്യംകണക്കെ വണ്ടികളിൽ തിക്കിക്കൊള്ളിച്ചു് അമരാവതി കൊടുംകാട്ടിൽ കൊണ്ടുപോയി ചൊരിഞ്ഞിറക്കിയ ആ ഭയാനകസംഭവം ഉണ്ടായതു് കമ്യൂണിസ്റ്റ് എം. എൽ. എ. മാരുടെ നിർബ്ബന്ധപൂർവ്വമായ പ്രമേയമായിരുന്നുവല്ലോ. മർമ്മംനോക്കി അസ്ത്രം എയ്യുന്നതുപോലെ തക്കസമയത്തു് മുതലെടുക്കുവാൻ പാടവമുള്ള കമ്യൂണിസ്റ്റ്കാർ—കടത്തുവെള്ളം മനഃപൂർവ്വം മുക്കിയിട്ടു് മുങ്ങിച്ചാകാൻ തുടങ്ങുന്ന യാത്രക്കാരെ കരകയററുവാൻ തത്രപ്പെട്ടുവെന്നു വരുത്തി അതിൽനിന്നു് മുതലെടുക്കുവാൻ ശ്രമിക്കുന്ന ദുഷ്ടബുദ്ധികളെപോലെ കമ്യൂണിസ്റ്റ് നേതാവായ എ. കെ. ഗോപാലൻ അമരാവതിയിൽ പാഞ്ഞെത്തി ആ നിസ്സഹായരായ കൃഷകരെ സ്വതസിദ്ധമായ ഭാഷയിൽ നുണപ്രചരണങ്ങൾ ആത്മാർത്ഥതയുടെ ലേബിൾ ഒട്ടിച്ചു് വഞ്ചിച്ചു് കരിമ്പടങ്ങളും അണിഞ്ഞു് പട്ടിണി സമരം നടത്തിയപ്പോൾ, ബഹുഭൂരിപ

ക്ഷം കത്തോലിക്കരായ ആ കർഷകർ വറച്ചട്ടിയിൽനിന്നും എരിതീയിലേയ്ക്കെന്നപോലെ താല്ക്കാലിക കഷ്ടപ്പാടുകളിൽനിന്നു് നിരീശ്വര കമ്യൂണിസ്റ്റുകാരുടെ കെണിയിലേക്കുംകൂടി വഴുതിവീണതുമൂലം അവരെല്ലാം ഏ. കെ. ഗോപാലനെ ജീവരക്ഷകനായി തെററിദ്ധരിച്ച് അദ്ദേഹത്തിലഭയം പ്രാപിച്ചു് പാടിസ്തുതിച്ചപേക്ഷിച്ചു കഴിഞ്ഞുകൂടുകയും ചെയ്യവേ, ഇതിലെല്ലാം ആനന്ദതുന്ദിലരായ കമ്യൂണിസ്റ്റ്കാം മുതലെടുപ്പിനുള്ള അനേകം പുതു പരിപാടികളുമായി പാഞ്ഞുവരികയും ചെയ്യുന്നതറിഞ്ഞു് ബഹു: വടക്കനച്ചൻ,ഈ വക ബവിഷ്യത്തുകാം വേണ്ടവണ്ണം അറിയുകയോ ഗ്രഹിക്കുകയോ ചെയ്യാതെ മററനേകം ചുമതലകളിൽ വ്യാപൃതനായിരുന്ന അങ്ങാംപ്പെടെയുള്ള സഭാധികാരികളുടെ പക്കൽ മാറിമാറി നടന്നു് അതിത്തിനിർണ്ണയം അഭിപ്രായഐക്യം, സംശയനിവാരണം, പരിപാടി രൂപീകരണം മുതലായ അനേകം കാര്യങ്ങാംക്കായ് മിനക്കെടുവാൻ ഒട്ടുംസമയം ലഭിക്കാതെ അമരാവതിയിലേക്കു് ഓടിച്ചെന്നതുകൊണ്ടു് എന്തുമാത്രം പ്രയോജനമുണ്ടായിയെന്നു് എന്നെപ്പോലെ, കമ്യൂണിസ്റ്റണികളിലും മററും പ്രവൃത്തിച്ചു് പരിചയം ഉള്ളവക്കും, നിസ്വാത്ഥരും നന്മനസ്സുള്ളവരുമായി വൈദീകരടക്കമുള്ള അനേകക്കും അനുഭവബോദ്ധ്യം വന്നിട്ടുള്ളതാണു്.

ഉരിഅരിയോ, അരഔൺസ് മരുന്നോ, ഒരു ഓലക്കീറപോലുമോ കമ്യൂണിസ്റ്റ് നേതാക്കാം പാവപ്പെട്ട

വക്ക് കൊടുക്കാഞ്ഞിട്ടും; അഗതിമന്ദിരങ്ങൾ നടത്തുക യും വീടുകൾവെച്ചു കൊടുക്കുകയും അരിയും തുണിയും മരുന്നുമൊക്കെ വാരിക്കോരി കൊടുക്കുകയും മററും ചെ യ്യുന്ന നമ്മേക്കാൾ പാവപ്പെട്ടവർ കമ്യൂണിസ്റ്റ് നേതാ ക്കളെ സ്നേഹിക്കയും ബഹുമാനിക്കുകയും നമ്മൾ കൊടു ത്തതിൽനിന്നും, അവർ വേലചെയ്യുന്നതിൽനിന്നും ഒരം ശം കമ്യൂണിസ്റ്റുകാരുടെ പ്രവത്തന വിജയങ്ങൾക്കായി അർപ്പിക്കുകയും ചെയ്യുന്നതു് കമ്യൂണിസ്റ്റ്കാരുടെ ചില ഭാഷാശൈലികളുടെയും പെരുമാററ രീതിയുടെയും വൈശിഷ്ട്യംകൊണ്ടാണു്. നാം വളരെയേറെ കൊടു ക്കുമെങ്കിലും അവരുടെനേരെ സമഭാവനക്കു് എതിരായ വങ്കത്തരങ്ങൾ സംസാരത്തിലും പെരുമാററത്തിലും കാ ണിക്കാറുണ്ടു്. അവർ സഖാവേ എന്നു വിളിക്കുമ്പോൾ നമ്മൾ എടായെന്നു് വിളിക്കും. ഇ. എം. എസ്സിന്റെ വീട്ടിൽ പുലയനെ ഒപ്പമിരുത്തുമ്പോൾ നമ്മൾ വളരെ യേറെ ഉപകാരം ചെയ്യുമെങ്കിലും ആഭിജാത്യ കുലമഹി മയില്ലാത്തവർ നമ്മുടെ മുന്നിൽ ഇരിക്കുന്നതു് നമുക്കു് ഇഷ്ടമില്ല.

ഹരിജൻ കുടിലുകളിൽ കുനിഞ്ഞുകയറി വൃത്തി ഹീനരും മെലിഞ്ഞവരും നിരാശരുമായ ഹരിജൻ കിടാ ങ്ങളെ എടുത്തു് മടിയിലിരുത്തിക്കൊണ്ടു്, അസ്ഥിഉന്തി യവരും ആരോഗ്യമില്ലാത്തവരും അർദ്ധനഗ്നരുമായി അവിടെയുള്ള മാതാപിതാക്കളോടും അവരും കുഞ്ഞുങ്ങ ളും ഇങ്ങനെ മെലിഞ്ഞു തളരാനുള്ള കാരണം, "ജന്മി മുതലാളി പൌരോഹിത്യ ഭ്രഷ്ടാത്ഥികൾ കൂട്ടുചേർന്നുള്ള

നാട്ടഭരിക്കലും, വേലചെയ്യാതെ വേലക്കാരെ ചൂഷണം ചെയ്തു തിന്നുവരിക്കലും മൂലമാണെന്നും, അവർ നിങ്ങളെ പിരിഞ്ഞുപോകുന്നതിൽനിന്നു് എന്തെങ്കിലും അവർ തരുന്നതിന്നു് ദാനംതന്നെ തന്നതായി ഭാവിക്കയും പ്രതീക്ഷിച്ചിടത്തോളം നന്ദിലഭിച്ചില്ലെങ്കിൽ ആട്ടിപായിക്കുകയും ചെയ്യുന്ന ഈ ഭ്രഷ്ടാവ്യവസ്ഥിതി മാററി നിങ്ങളും നിങ്ങളെ സേവിക്കുന്ന ഞങ്ങളും നാട്ടഭരിക്കുവാൻ ഉടനെ ഇടവരുത്തുമാറു് പരിശ്രമിച്ചെങ്കിലേ, നിങ്ങൾക്കു് മനുഷ്യത്വത്തിൻെറ അഭിമാന ബോധത്തോടെ അവരുടെ മുന്നിൽ നിവന്നു്നിന്നു് ചങ്കൂററത്തോടെ ന്യായംപറയുവാൻ സാധിക്കുകയുള്ളു''. എന്നും മററും തൊഴിലാളിവർഗ്ഗത്തിന്നെതിരായി മറെറല്ലാവരേയും നിഷ്ഠുരമായി ചിത്രീകരിക്കുന്നതിന്നുതകുന്ന ഭാഷാപ്രയോഗങ്ങളും മററുള്ളവരേക്കാൾ വശീകരണ ശക്തിയുള്ള പെരുമാററ സമ്പ്രദായങ്ങളുമാകുന്ന കെണികളാണു് കമ്യൂക്കളുടെ ലക്ഷ്യംനേടുവാൻ (ഉദ്ദേശശുദ്ധിയില്ലെങ്കിലും) അവർ ഉപയോഗിക്കുന്ന മാർഗ്ഗങ്ങൾ! ഇപ്രകാരമുള്ള കമ്മൂവിൻെറ സംഘടിത വലയിൽ ഉടക്കികിടന്നിരുന്ന ആ അമരാവതിയിലെ ജനങ്ങളെ; അധികാരികളെ തൃപ്തിപ്പെടുത്തുന്ന വിധത്തിലുള്ള ജ്ഞാനവായന ഭാഷകൾ ഉപയോഗിച്ചുകൊണ്ടുള്ള ഉപദേശപ്രസംഗം വടക്കനച്ചൻ നടത്തിയിരുന്നെങ്കിൽ കമ്മ്യൂണിസ്റ്റുകാരൻെറ ശക്തിയുള്ള വല പൊളിക്കത്തക്കവിധത്തിൽ അനങ്ങുവാൻപോലും തോന്നാതെ വടക്കനച്ചനെ കരിങ്കാലിയെന്നു് പറഞ്ഞു് കൊഞ്ഞനം കാണിക്കുവാനേ തോന്നുമായിരുന്ന

ള്ള. കമ്മ്യൂണിസ്റ്റുകാരന്റെ അടവും പദപ്രയോഗവുമെല്ലാം ശരിക്ക് മനസ്സിലാക്കിയിട്ടുള്ള വടക്കനെച്ചൻ പരിശുദ്ധോദ്ദേശത്തോടും എന്നാൽ മുഖം നോക്കാത്തവിധം കമ്മ്യൂണിസ്റ്റുകാരനേക്കാൾ പ്രാഗൽഭ്യമേറിയ തരത്തിൽ ഈ നിസ്സഹായരെ സഹായിക്കാത്തവർക്കെതിരായി മൂച്ച്യേറിയ പദപ്രയോഗ ശരവർഷമാകുന്ന ഒഴുക്ക് ആഞ്ഞു പതിപ്പിച്ചതുകൊണ്ടാണ് കമ്മ്യൂവിന്റെ പഴയ വല തരിപ്പണമാക്കി ആ ജനങ്ങൾ വടക്കനെച്ചന്റെ ആത്മാർത്ഥതയുള്ള സംരക്ഷണ വലയത്തിൽ അഭയം പ്രാപിക്കുവാൻ തീരുമാനമെടുത്തതു്.

ഗവർണ്ണർമാരും അതുപോലുള്ള മററു പ്രമാണികളും അവർക്ക് പറയാനുള്ള പ്രസംഗം എഴുതുകയും പലരെക്കൊണ്ടു് പരിശോധിപ്പിച്ച വേണ്ട ഭാഷാ വൈശിഷ്ട്യങ്ങൾ വരുത്തി സദസ്സിൽ അവതരിപ്പിച്ചിട്ടും അതിൽ തല്പരകക്ഷിക്കാർ വിമർശനത്തിനു വഴികാണുന്നുണ്ടെങ്കിൽ, ആളിക്കത്തുന്ന തീവേഗം കെടുത്തുവാനാവശ്യമായവ ആവേശത്തോടെ വിളിച്ചുപറയുംപോലെയുള്ള സന്ദർഭത്തിലും പാശ്ചാത്തലത്തിലും ശൈലിയിലും വടക്കനെച്ചൻ പറഞ്ഞ പ്രസംഗത്തിൽനിന്നെല്ലാം ദോഷൈകമാത്രദൃക്കെന്നപോലെ ചില വാക്യശകലങ്ങൾ ചികഞ്ഞെടുത്തു്കൊണ്ടു് വടക്കനെച്ചനെ വരഞ്ഞു കെട്ടിക്കുവാൻ അങ്ങ് ഒരുമ്പെട്ടതു്, ക്രിസ്തു പറഞ്ഞ വാക്കുകളെ സന്ദർഭത്തിൽ നിന്നടർത്തിയെടുത്തുകൊണ്ടു് ക്രിസ്തുവിന്നെതിരായി പ്രീശന്മാർ സാക്ഷിപറയിച്ചതുപോലെയാ

ണ്ടെന്നും പലരും പുലമ്പുമ്പോഠം ഞങ്ങഠംക്കു് ഉത്തരം പറയുവാൻ സാധിക്കുന്നില്ല.

വികാരി ജനറാഠം:—

ഇതുപോലുള്ള ചുട്ടഭാഷകളൊന്നും വൈദീകർ പറഞ്ഞു് കമ്യൂണിസ്റ്റുകാഠംക്കു് വളംവെച്ചു കൊടുക്കേണ്ട ആവശ്യമില്ല. ഇന്നു് സമുദായത്തിലുള്ള നീറുന്ന പ്രശ്നങ്ങഠംക്കെല്ലാം ഫലപ്രദമായ പരിഹാരം ഉണ്ടാക്കുന്നതിനുള്ള പരിപാടികളെല്ലാം കൂട്ടിയിണക്കി "കത്തോലിക്കാ വൈദീകരും സാമൂഹ്യസേവനവും" എന്ന പേരിൽ 25-1-'62ൽ ഞാനൊരു പ്രസിദ്ധീകരണം ഇറക്കിയിട്ടുണ്ടു്. അതു് നിങ്ങഠം കണ്ടിട്ടുണ്ടോ?

(പുസ്തകം എൻെറ കയ്യിൽതന്നു)

വി. എൽ. തോമാസ്:—

13-ാംലെയോൺ മാർപ്പാപ്പ അനേകവഷങ്ങഠം മുമ്പു് പ്രസിദ്ധപ്പെടുത്തിയ 'റേരും നോവാരും' (സമുദായ ധമ്മപ്രമാണം) എന്ന ചാക്രിയലേഖനം പ്രാവത്തികമാക്കാൻ ആവശ്യമായ പദ്ധതികളൊന്നും ഇതുവരെ തുടങ്ങുകയെങ്കിലും ചെയ്യാതെ, വടക്കനെച്ചനെ എതുക്കുവാൻ ആവശ്യംവന്നപ്പോഠം അതിന്നു് മാത്രം ഉപയോഗിക്കുവാനായി ഈ അടുത്ത ദിവസം കടലാസ്സിൽമാത്രം ഇരിക്കുന്നതും നടപ്പാക്കാൻ മുതിരാത്തതുമായ ഒരു പദ്ധതി, പുസ്തകരൂപേണ കയ്യിലെടുത്തു നീട്ടിയുംകൊണ്ടു് ഉടുമ്പൻ ചോലയിലും മററും ഓടിചെന്നാൽ ആ നീറിപ്പുകഞ്ഞിരുന്ന മനുഷ്യർ, അങ്ങനെ ചെല്ലുന്ന മനുഷ്യ

വഞ്ചകരെ പിച്ചിച്ചീന്തുകതന്നെ ചെയ്യുമായിരുന്നു. കൂടാതെ അമരാവതി പ്രശ്നം നടക്കുന്ന കാലത്തു് അങ്ങയുടെ ഈ പദ്ധതി പുസ്തകം എഴുതുകപോലും ചെയ്തിട്ടില്ലായിരുന്നല്ലോ?

ഒരു കെട്ടിടം ഉരുണ്ടു് വീഴാൻ തുടങ്ങുമ്പോൾ, പ്ലാൻ വരയ്ക്കുകയും സിമൻറും കമ്പിയുംകൊണ്ടു് കോൺക്രീററു് ഭിത്തികെട്ടിയാൽ ഉണ്ടായേക്കാവുന്ന ബലത്തെ പററിയും മററും കയ്യുംകെട്ടിയിരുന്നു് ഉപദേശിക്കുകയും ചെയ്യുന്നതുപോലെയാണു് അങ്ങയുടെ ഈ പദ്ധതിന്യായം. ഈ വക ന്യായംപറയുന്നവരെ അന്വേഷിച്ചു് കണ്ടുപിടിച്ചു് അതുംകേട്ടു് തലകുലുക്കി ആശ്വസിച്ചിരിക്കാൻ സാധിക്കാതെ പ്രസ്തുത കെട്ടിടം വീഴുന്നതിന്നു മുമ്പു് കയ്യിൽ കിട്ടിയ ഊന്നുകാലുമെടുത്തു് ഓടിപ്പാഞ്ഞു ചെന്നു് ചാഞ്ഞുവരുന്ന കെട്ടിടത്തിന്നു മുട്ടുകൊടുത്തു നിറുത്തുമാറു്, തക്കസമയത്തു് വേണ്ടതു ചെയ്ത വടക്കനച്ചനിലാണു് ജനങ്ങൾ ആത്മാർത്ഥത കാണുന്നതു്. അങ്ങയുടെ കോൺക്രീററു് ഭിത്തിപോലുള്ള പ്രസ്താവനയിൽ അടങ്ങിയിരിക്കുന്ന പദ്ധതികൾ നടപ്പാക്കുവാൻ വടക്കനച്ചനടക്കമുള്ള എല്ലാ നല്ല ആളുകളും ആത്മാർത്ഥമായി സഹായിക്കുകതന്നെ ചെയ്യും. അങ്ങു് എന്നാണു് ആ പദ്ധതി ആരംഭിക്കുവാൻ പോകുന്നതു്.

(ഉത്തരമില്ല.)

വികാരി ജനറാൾ:-

ഫാദർ വടക്കനും കൂട്ടാളികളും കമ്മ്യൂണിസ്റ്റുകാരെ കൂട്ടുപിടിച്ചുകൊണ്ടു് ജാഥ നയിച്ചതുമൂലം ഇവിടെ

വളരെ കമ്മ്യൂണിസം വളൎന്നിട്ടുണ്ടു്.

വി. എൽ. തോമാസ്സ്:

വാസ്തവം അങ്ങിനെയല്ല. കമ്മ്യൂണിസ്റ്റുകാരുടെ വായ് പൊത്തുകയും വൈദികരുടെ പ്രവൎത്തനത്തിന്നെതിരായി അവർ കെട്ടിക്കൊണ്ടിരുന്ന വേലികൾ തകൎക്കപ്പെടുകയുമാണു് ആ ജാഥവഴി നടന്നതു്. അതു് എപ്രകാരമാണെന്നു് അനുഭവത്തിൽ നിന്നുതന്നെ പറയാം. റഷ്യയിലുള്ള 20 കോടി ജനങ്ങളെ ഭരിക്കുന്നതിനു് 90 ലക്ഷത്തോളം സായുധ പട്ടാളക്കാരുടെ സഹായം ക്രൂഷ് ചേവിന്നു് എല്ലായ്പ്പോഴും ആവശ്യമായി വരുമ്പോൾ, ലോകത്തിൽ ആകമാനം ചിന്നിച്ചിതറി കഴിയുന്ന അൻപതു കോടിയിൽപരം കത്തോലിക്കരെ ഭരിക്കുവാൻ റോമിലിരിക്കുന്ന മാർപ്പാപ്പായ്ക്കു ഒരു പട്ടാളക്കാരനും തോക്കും കൂടാതെ ഒററ ചാക്രിയ ലേഖനം മാത്രം മതിയല്ലോ ഒരു മെത്രാന്റെ ഇടയ ലേഖനത്തെ ആ രൂപതയിലുള്ള കത്തോലിക്കരെല്ലാം അനുസരിക്കും. ഒരു വികാരിയുടെ കല്പനയെ, ഇതുപോലുള്ള അന്തരീക്ഷം ഉണ്ടാക്കുവാൻ ഇടവരുന്നില്ലെങ്കിൽ, എല്ലാവരും അനുസരിക്കും. കമ്മ്യൂക്കാൎക്കു് പാർട്ടി ഓഫീസിനു കെട്ടിടം ഈ നാട്ടിൽ വാടകയ്ക്കു് എടുക്കേണ്ടിവരുമ്പോൾ വൎത്തിക്കാൻ അരമന മുതൽ പാട വരമ്പിലേ കപ്പേള വരെ അനേകം പാർട്ടി ഓഫീസുകൾ (കത്തോലിക്കാ സ്ഥാപനങ്ങൾ) കത്തോലിക്കൎക്കുണ്ടു്. ജനങ്ങളെ ഒന്നിച്ചു കൂട്ടുവാൻ കമ്മ്യൂണിസ്റ്റുകാൎക്കു് നോട്ടീസു് പ്രചരണവും അട്ടിമറി പ്രവൎത്തനവും കൊണ്ടു് വല്ലപ്പോഴുമൊ

ക്കെയെ സാധിക്കുകയുള്ളുവെങ്കിൽ ഒരു നോട്ടീസ് പ്രചരണവും കൂടാതെ 50 കോടിയിൽപരം കത്തോലിക്കരും അവരവരുടെ ഇടവകപ്പള്ളികളിൽ ആഴ്ചയിലൊരുദിവസമെങ്കിലും സന്തോഷസമന്വിതം ഒന്നിച്ചു കൂടുന്നു. ജവഹർലാൽ നെഹ്റുവിനെപ്പോലും സുപ്രീം കോടതിവരെ എത്തിക്കാവുന്ന സ്വാതന്ത്ര്യമുള്ള ഈ ജനാധിപത്യയുഗത്തിൽ യാതൊരു എതിർപ്പും പിറുപിറുപ്പും കൂടാതെ 50 കോടിയിൽപരം ജനങ്ങൾ പരിശുദ്ധ സിംഹാസനത്തെ അനുസരിക്കുകയും വണങ്ങുകയും ചെയ്യുന്നു. ഇതുപോലൊരു ശക്തി കമ്മ്യൂണിസ്റ്റുകാൎക്ക് ഒരുകാലത്തും നേടിയെടുക്കുവാൻ സാധിക്കുകയില്ലെന്ന് അവൎക്ക് നന്നായറിയാം. ഈ മഹാശക്തി സന്ധിയില്ലാത്തവിധം കമ്മ്യൂണിസത്തിന്നെതിരായി എന്നും പൊരുതുമെന്നുള്ളതുകൊണ്ടു് ആ ശക്തിയുടെ നാഡിഞരമ്പുകളായ വൈദികർ സാമൂഹ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ ഇടവന്നുപോയാൽ 'കൈനീട്ടം' പോലും ലഭിക്കാതെ കടയും പൂട്ടി പോകേണ്ടിവരുമെന്നു് അവൎക്കറിവുള്ളതിനാൽ വൈദികർ സാമൂഹ്യ രംഗങ്ങളെക്കുറിച്ചു് മിണ്ടുവാൻപോലും, പാടില്ലെന്നു് "രാഷ്ട്രീയ ലേയബിളി"ന്റെ മറയിൽ നിന്നുകൊണ്ടു് ശരവൎഷംപോലുള്ള ദുരാരോപണങ്ങൾ പ്രയോഗിക്കുകയെന്നതു് നാളിതുവരെ സ്വീകരിച്ചിരിക്കുന്ന അടവുകളിൽ ഒന്നാണു്. വൈദികരെ സാമൂഹ്യരംഗത്തു് വരുത്താതിരുന്നിട്ടു് അവർ സാമൂഹ്യ പ്രശ്നങ്ങളിൽ കണ്ണടച്ചു

കളയുന്ന "ജന്മിമൂരാച്ചി" കളാണെന്നു് ജനങ്ങളെ പറഞ്ഞു് ധരിപ്പിച്ചുകൊണ്ടു് ജനങ്ങളെ വൈദീക ശത്രുക്കളാക്കിക്കൊണ്ടിരിക്കുകയെന്നതും അവരുടെ സുനിശ്ചിതമായ പരിപാടിയാണു്.

കത്തോലിക്കാ സഭയുടെ മേലുദ്ധരിച്ച ശക്തികളിലെ വിവിധ ഘടകങ്ങളായ വൈദീക മേലദ്ധ്യക്ഷന്മാരും വൈദീകരും വിവിധ തട്ടുകളിലെ അൽമായരും ഒത്തൊരുമിച്ചു നിന്നാലുണ്ടാകുന്ന മഹാ ശക്തിയെ ഒരിയ്ക്കലും തരണംചെയ്യുവാൻ കമ്മ്യൂവിനു് സാധിക്കാത്തതിനാൽ ഈ ശക്തിയുടെയെല്ലാം സിരാകേന്ദ്രങ്ങളായ വൈദീക മുഖങ്ങളെ വികൃതമാക്കി ബാംവരിൽ നിന്നു് അൽമായരെ ചിന്നിച്ചിതറിപ്പിക്കുകയെന്ന മുഖ്യാവശ്യം സാധിക്കുന്നതിലേയ്ക്കു് കമ്മ്യൂക്കൾ ഒത്തൊരുമിച്ചു നില്ക്കുന്നതിനു പുറമെ, കഴിയുന്നത്ര അകത്തോലിക്കരേയും മററു മതക്കാരെയും അക്കാര്യത്തിന്നായി ക്രൂട്ടിയിണക്കുകയും ചെയ്യുന്ന ഏററവും തന്ത്രപരമായ പ്ലാൻ മർമ്മംനോക്കി അസ്ത്രം എയ്യുന്നതുപോലെ തക്ക സമയത്തു് അവർ പ്രാവർത്തികമാക്കുന്നുണ്ടു്. മുഖത്തോട്ടു ബഹുമാനമില്ലെങ്കിൽ ആ മുഖത്തിൽനിന്നും വരുന്ന സന്ദേശങ്ങൾ ജനങ്ങൾ സ്വീകരിക്കുകയില്ലല്ലോ. വൈദീക മുഖങ്ങളിൽനിന്നുവരുന്ന സന്ദേശങ്ങളാണു് കത്തോലിക്കരെ ഒന്നിച്ചു നിർത്തുന്ന മഹാ ശക്തിയെന്നു് അവർക്കറിവുള്ളതുകൊണ്ടു് ആ ശക്തി ശിഥിലമാക്കുവാൻ സ്ഥാനത്തും അസ്ഥാനത്തും വൈദീകരെ താറടിച്ചുകൊണ്ടു് സാമൂഹ്യ രംഗങ്ങളിൽനിന്നു് ആട്ടിപ്പായിക്കുകയെ

ന്നുള്ളതു് അവരുടെ പരമലക്ഷ്യമായിരിക്കെ, അങ്ങയുടെ ഈ പ്രസ്താവന അവർക്കെന്തുമാത്രം ഉപകരിക്കുമെന്നു് അങ്ങു് ഒന്നു് ഓർത്തിരുന്നുവെങ്കിൽ!

ഒരാനയ്ക്കു് 40 ആളിന്റെ ശക്തി മാത്രമെയുള്ളുവെങ്കിലും 400 ആളുകളും ഒരാനയും ഇരുവശവും നിന്നു് വടംവലിച്ചാൽ ആനതന്നെ ജയിക്കും. കാരണം ആനയുടെ ശക്തി ഒന്നിച്ചു നില്ക്കുന്നു. മറുവശത്തു് ബലവാന്റെ കാലു തെററുമ്പോൾ ബലഹീനന്മാർ മുഖം കുത്തി വീഴും.

മേല്പറഞ്ഞ കാര്യത്തിൽ, കമ്മ്യൂണിസ്റ്റു് ശക്തി കുറവെയുള്ളുവെങ്കിലും അവർ ഒന്നിച്ചു നില്ക്കുമ്പോൾ അവരെക്കാൾ അനേകം ഇരട്ടി ശക്തി കൂടുതലുള്ള കത്തോലിക്കരിൽ മർമ്മസ്ഥാനങ്ങളിൽ നില്പുറപ്പിച്ചവർ ഇമ്മാതിരി പ്രസ്താവനകളാകുന്ന കാലുതെററിക്കൽ പ്രസ്ഥാനം നടത്തുമ്പോൾ വിശ്വാസികൾ വീഴുകയും തരം പാർത്തു നില്ക്കുന്ന കമ്മ്യൂണിസ്റ്റ് ചെന്നായ്ക്കളും വർഗ്ഗീയ കരടികളും അവരെ തങ്ങളുടെ മാളങ്ങളിലേയ്ക്കു കടിച്ചു വലിക്കുകയും ചെയ്യുന്നു. കമ്മ്യൂക്കളുടെ ഇടയിൽ ഏതെങ്കിലും തരത്തിലുള്ള അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടെങ്കിൽ തന്നെ അവരതു് പുറത്തു്വീടാതെ സാമൂഹ്യ രംഗങ്ങളിൽ ഒററക്കെട്ടായി നില്ക്കും. എന്നാൽ അങ്ങയുടെ വൈദീകരെ താറടിച്ചുകൊണ്ടുള്ള ഈ പ്രസ്താവന കമ്മ്യൂക്കളുടെ ഇടയിലാണു് ആദ്യം കിട്ടിയതു്.

വടക്കനെച്ചനെ വിഴുങ്ങുവാൻ മനസ്സിൽ പ്ലാൻ കണ്ടുകൊണ്ടു് ഏ. കെ. ഗോപാലൻ, പന്തളം പി.ആർ.

മുതൽപേർ കാസർഗോഡു മുതൽ തിരുവനന്തപുരംവ രെ വടക്കനച്ചൻെറ കൃഷക ജാഥയുടെ പുറകെ തൂങ്ങി യും പല സ്ഥലങ്ങളിലുംവെച്ചു് ജാഥാംഗങ്ങൾക്കു് പൂ മാല ചാത്തുകയും അനുമോദനങ്ങൾ നൽകുകയും ചെ യ്യെങ്കിലും, അതിൻെറയെല്ലാം പൊരുളു് ശരിക്കു മ നസ്സിലാക്കിയ വടക്കനച്ചൻ പല പ്രസംഗപീഠങ്ങളി ലും പ്രസ്തുത നേതാക്കളുടെ സാന്നിദ്ധ്യത്തിൽവെച്ചുത ന്നെ ഉടുമ്പൻചോല കുടിയിറക്കിന്നാധാരമായ അവ രുടെ ദുഷ്ടപ്പോരുകളും അവർ നാടു ഭരിച്ചപ്പോഴുണ്ടാക്കി യ നാശനഷ്ടങ്ങളും വെടിവെയ്പുകളും തുടങ്ങിയവയെ ല്ലാം സവിസ്തരം അനേക ജനങ്ങളുടെ മദ്ധ്യേ നിരത്തി വെയ്ക്കുകയും, ശത്രുവെ സ്നേഹിക്കുവാനുള്ള ആപ്തവാ ക്യമോത്താണു് ഇവർ ഇന്നു് ഞങ്ങളോടൊത്തു നടക്കു ന്നതിൽ ഞങ്ങൾ എതിപ്പു് പ്രകാശിപ്പിക്കാത്തതെന്നു മെല്ലാം പ്രസംഗിച്ചു. അപ്രകാരമുള്ള വിമശനങ്ങൾ ക്കൊന്നും അതേ പ്രസംഗപീഠത്തിൽ തന്നെ അടുത്ത പ്രാസംഗികരായിരുന്ന പ്രസ്തുത കമ്മ്യൂനേതാക്കൾക്കു് എതിരു പറയുവാൻ കഴിയാതിരുന്നതിനു മൂണ്ടിക്കാ ണില്ലുകൊണ്ടു് കമ്മ്യൂണിസ്റ്റു യൂണിയനുകളിൽ കുടു ങ്ങിക്കഴിഞ്ഞിരുന്ന അനേകം കൃഷകരെയും തൊഴിലാ ളികളെയും സാമൂഹ്യ പ്രവത്തകരായ ഞങ്ങൾക്കു് അ വരിൽനിന്നും മോചിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടു്. കൂ ടാതെ വൈദികർ സാമൂഹ്യ രംഗത്തു് വരാതിരിക്കു വാൻ രാപകൽ അതിനെതിരായി പൊരുതുകയും ബാർ ബർ ഷാപ്പു മുതൽ വായനശാല വരെയും അതിനെതി

രായി സംബന്ധിക്കുന്നവരെയെല്ലാം എതിൎക്കുകയും ചെയ്തിരുന്ന കമ്മ്യൂക്കാൎക്കു് വടക്കനച്ചന്റെ പുറകെ തൂങ്ങുവാനും പുകഴ്ത്തി പറയുവാനും ഉള്ള ഗതികേടു് സംഭവിച്ചതു മുതൽ ഇനി ഈ യുഗത്തിലെങ്ങും വൈദികർ സാമൂഹ്യ രംഗത്തു വരാൻ പാടില്ലെന്ന ന്യായം ഉരിയാടാൻ സാധിക്കാതായിട്ടുണ്ടു്.

അനീതിചെയ്ത കാൎയ്യസ്ഥന്റെ ഉപമ പറഞ്ഞുകൊണ്ടു് "അന്ധകാരത്തിന്റെ സന്തതികൾ വെളിച്ചത്തിന്റെ സന്തതികളെക്കാൾ ഈ ലോകത്തിൽ വിവേകത്തോടെ പെരുമാറുന്നു"വെന്നു് ക്രിസ്തുനാഥൻ പറഞ്ഞതുപോലെ ഏ. കെ. ജി. യുടെ ദുരുദ്ദേശം സാധിക്കുന്നതിന്നായി കാണിച്ച ഉപവാസ,ദിന സാമൎത്ഥ്യം വഴി അനേകം കക്ഷകമിത്രങ്ങളെ അദ്ദേഹം നേടിയതിനെ പുകഴ്ത്തി വടക്കനച്ചൻ പറഞ്ഞെങ്കിൽ അതു് വെളിച്ചത്തിന്റെ സന്തതികളായ നമ്മളെ നമ്മുടെ കൎത്തവ്യങ്ങളിലേയ്ക്കു് ഒന്നു് ഉണൎത്തിവിടുന്നതിന്നുവേണ്ടി ആയിരുന്നു. ഇനി ഏതു വൈദികൎക്കും സന്മനസ്സുണ്ടെങ്കിൽ കമ്മ്യൂണിസ്റ്റ് ദുരാരോപണം ഏല്ക്കാതെ സാമൂഹ്യ രംഗത്തു് പാഞ്ഞെത്തുവാൻ വടക്കനച്ചൻ വഴിതുറന്നു വച്ചപ്പോൾ വാസ്തവത്തിൽ കമ്മ്യൂവിന്നാണു് വടക്കനച്ചനോടു് തീരാച്ചൊരുക്കു് ഉണ്ടായിരിക്കുന്നതു്. അതവൎക്കു പുറത്തു കാണിക്കുവാൻ സാധിക്കാത്തതിനാൽ അവരുടെ പ്രാതിനിദ്ധ്യം അറിഞ്ഞോ അറിയാതെയോ അങ്ങു് നടത്തിക്കൊണ്ടിരിക്കയാണു്.

വടക്കനച്ചനു് ഈ വിധ പ്രവൎത്തന രംഗത്തു് യു

ദുഷ്ക്രികമായി വല്ല പാകപ്പിഴയും വന്നിട്ടുണ്ടെങ്കിൽ അതു മനസ്സിലാക്കുവാൻ സാധിച്ച വേറൊരച്ഛനു് ആ മാതിരി പാകപ്പിഴകൾ വരാതെ മുന്നേറുവാൻ സാധിക്കുമല്ലോ. അദ്ദേഹത്തിലും മറേറതെങ്കിലും പാകപ്പിഴകൾ സംഭവിച്ചാൽ മൂന്നാമത്തെ അച്ഛനു് അതും മനസ്സിലാക്കി പ്രവൎത്തിക്കാം. കരയ്ക്കുനിന്നാൽ നീന്തു പഠിക്കുവാൻ സാധിക്കുകയില്ല, നടുക്കിറങ്ങിയാൽ നില തെററുമ്പോൾ ശരിയായി നീന്തു പഠിക്കുന്നതുവരെ അല്പമെങ്കിലും വെള്ളം കുടിച്ചുപോകും. കരയ്ക്കു കാററും കൊണ്ടിരുന്നു സുഖിച്ചു കുററം പറയുവാൻ ആൎക്കും പ്രയാസമില്ല.

ഒരു കടലാസിനു് രണ്ടുവശമുള്ളതിൽ ഒരുവശം മാത്രമായി ആൎക്കും കൊണ്ടുപോകുവാൻ സാധിക്കുകയില്ല. അതുപോലെ ഈ ലോകത്തിൽ വേർതിരിക്കുവാൻ ആകാത്തവിധം മനുഷ്യനു് ആത്മാവും ശരീരവും ഉണ്ടു്. രണ്ടിനും രണ്ടാവശ്യങ്ങളും ഉണ്ടു്. ഈ രണ്ടാവശ്യങ്ങൾക്കും പ്രത്യേകം പ്രത്യേകം മനോഗുണ പ്രവൃത്തികൾ കത്തോലിക്കാ സഭ പഠിപ്പിക്കുന്നുമുണ്ടല്ലോ? അതിൽ ആത്മാവിന്റെ ഏഴു പ്രവൎത്തനം മാത്രമെ വൈദികർ ചെയ്യാവൂ എന്നു വന്നാൽ ശരീരത്തിന്റെ പ്രവൎത്തന മണ്ഡലങ്ങൾ മുഴുവൻ കമ്മ്യൂക്കാർ ദുർവിനിയോഗിക്കും. മനോഗുണ പ്രവൎത്തികളെല്ലാം തന്നെ അൽമായരേക്കാൾ നന്നായി അനുഷ്ഠിച്ചു മാതൃക കാണിക്കേണ്ടവർ വൈദികരാണല്ലൊ.

നിക്ഷിപ്ത താല്പൎയ്യക്കാരുടെ ചൂഷണത്തിന്നു വിധേ

യരായി കഷ്ടതയനുഭവിക്കുന്നവരിൽ ചുരുക്കം ചിലക്കും മററും ഉപകരിക്കുമാറ് ആതുര ശാലകൾ മാത്രം നടത്തി തൃപ്തിപ്പെട്ടാൽ പോരാ, ചൂഷണത്തിൽ നിന്നു് ജനങ്ങളെ രക്ഷിക്കുവാനും കൂടി കഴിവിൻെറ പരമാവധി വൈദികർ പ്രവൎത്തിച്ചേ തീരൂ.

വിശക്കുന്നവൎക്ക് ഭക്ഷണം കൊടുക്കാൻ സാധിച്ചില്ലെങ്കിൽ അവനു് ലഭിക്കുന്ന ഭക്ഷണ സാധനങ്ങൾ മററുള്ളവർ നശിപ്പിക്കാതിരിക്കാനെങ്കിലും വടക്കനെച്ചൻ സഹായിക്കുന്നു. കിടപ്പാടം കൊടുക്കാൻ സാധിക്കുന്നില്ലെങ്കിലും ഉള്ള കൂരപ്പുര തല്ലരകക്ഷിക്കാർ കത്തിച്ചു നശിപ്പിക്കാതിരിക്കാനെങ്കിലും അദ്ദേഹം പരിശ്രമിക്കുന്നു, പരദേശികൾക്ക് പാർപ്പാൻ സ്ഥലം കൊടുപ്പാൻ ഇല്ലെങ്കിലും വിയർപ്പ് ചിന്തിയിട്ടുള്ള മണ്ണിൽ നിന്നു ദുഷ്ട ജന്മികളും മററും അടിച്ചോടിക്കാതെയിരിക്കാനെങ്കിലും അദ്ദേഹത്താൽ ആകുന്നതു ചെയ്തുകൊണ്ടിരിക്കുന്നു. വിശപ്പും തണുപ്പും മൂലം നരകയാതന അനുഭവിക്കുന്നവൎക്ക് പുതപ്പും, ഭക്ഷണ സാധനങ്ങളും യാചിച്ചു കൊണ്ടുവന്നു് എത്തിച്ചു കൊടുക്കാനെങ്കിലും അദ്ദേഹം അശ്രാന്തപരിശ്രമം നടത്തുന്നു. അതേസമയം മരണ പരാക്രമം അനുഭവിക്കുന്നവരെ രക്ഷിക്കുവാൻ ബദ്ധപ്പെട്ടു കഷായത്തിനു ആവശ്യമായ മരുന്നു് ചതക്കുമ്പോൾ ചതകല്ലിൻെറ ശബ്ദം മൂലം സുഖനിദ്രയ്ക്ക് ഭംഗം നേരിട്ടു എന്നു പറഞ്ഞു മേല്പടി മരുന്നു ചതയ്ക്കുന്നവനെ ചെരിപ്പിനടിക്കുന്ന ക്രൂരത പോലെ, ഇത്രയുമൊക്കെ കഷ്ടപ്പെടുന്ന വടക്കനെച്ചൻേറയും കൂട്ടകാരുടെ

യും ശരീരത്തിൽ മാത്രമല്ല ആത്മാഭിമാനത്തിൽ പോലും അങ്ങ് കററിച്ചുൽ പ്രയോഗം നടത്തുകയാണെന്നു് നാട്ടിൽ പാട്ടായിക്കഴിഞ്ഞു. ഒരുപക്ഷെ ഒരുപിടി മുതലാളിമാർ അങ്ങ് ചെയ്തിരിക്കുന്നതു് വീരകൃത്യമാണെന്നു് ഇവിടെ വന്നു് പ്രശംസിക്കുന്നുണ്ടാവാം. എന്നാൽ പുറത്തുള്ള സാമൂഹ്യ രംഗങ്ങളിലേയ്ക്കു് അങ്ങ് ഒന്നിറങ്ങിചെല്ലുകയാണെങ്കിൽ സാധാരണക്കാരായ ഭൂരിപക്ഷം ജനങ്ങൾ അങ്ങയുടെ ഈ പ്രവൃത്തിയിൽ അടങ്ങാത്ത അമർഷം ഉള്ളവരായി അനുഭവപ്പെടും.

ഫാക്ടറി തൊഴിലാളികൾ അനേകം പേർ ഒരുമിച്ചു് ഒരു സ്ഥലത്തുനിന്നു ജോലി ചെയ്യുന്നതുകൊണ്ടു് അതിനിടയിൽ വാചാലതയും പ്രവത്തന പാടവവുമുള്ള രണ്ടുമൂന്നു കമ്മ്യൂണിസ്റ്റു പ്രവത്തകർ ജോലിക്കു കയറിയാൽ, ക്ഷീണമറിയാതിരിക്കാൻ ജോലിക്കാർ സംസാരിക്കാവുന്നതായ എല്ലാ വിഷയങ്ങളും കമ്മ്യു: ആശയങ്ങൾ തിരുകി കയറവുന്നവിധത്തിൽ നിയന്ത്രിക്കുവാൻ അവർ പരിശ്രമിച്ചുകൊണ്ടിരിക്കും. കൂടാതെ സാധാരണ തൊഴിലാളികൾ കയറിയിറങ്ങുകയും വിശ്രമിക്കുകയും ചെയ്യാറുള്ള ബാർബർ ഷാപ്പു്, ചായക്കട, ബീഡിക്കട മുതലായ രംഗങ്ങളിലെല്ലാം" കൈ വയറിനും നാക്കു് പാർട്ടിക്കുമായി എപ്പോഴും ചലിപ്പിച്ചുകൊണ്ടിരിക്കുന്ന കമ്മ്യു: പ്രവത്തകരുടെ പരിശ്രമം മൂലം എല്ലാവരെയും അവരുടെ ആശയങ്ങളിൽ ആകാംക്ഷയുള്ളവരാക്കി തീക്കും. വൈദീകർ ചെന്നെത്തുവാൻ സാധിക്കാത്ത രംഗങ്ങളിലെല്ലാം സാമൂഹ്യ പ്രവത്തന

പരിശീലനവും, സാമ്രാജ്യിക തത്വ പ്രതിപാദന പാഠ വവും നല്കിഅനേകം അൽമായ പ്രേക്ഷിതരെകൊണ്ടു ഫലപ്രദമായവിധം പ്രവത്തനം നടത്തിക്കവാനുള്ള കട ലാസുപദ്ധതി പോലും അങ്ങയെപ്പോലുള്ളവർ ഇതുവരെയും ഉണ്ടാക്കീട്ടില്ലാത്തതിനാൽ, ആവക രംഗങ്ങൾ എന്നും കത്തോലിക്കാ സഭയുടെ നിത്യ ശത്രുത വിററു ഴിക്കുന്ന മാക്സററുകളായിത്തന്നെ നിലകൊള്ളും. വലിയ വലിയ സ്തംഭങ്ങൾ വെച്ചും അതിൽ തങ്ങളുടെ പേരുകൾ കൊത്തിയ മാർബിൾ ശിലകൾ പതിച്ചും. വെടിക്കെട്ടുകൾ കത്തിച്ചും തങ്ങളുടെ പേരും പെരുമയും നിലനിത്തുവാൻ വാരിക്കോരി പണം ചിലവാക്കുകയും, വടക്കനെച്ചനെപ്പോലെയുള്ളവരെ വരിഞ്ഞു കെട്ടുവാൻ അങ്ങയെ പ്രേരിപ്പിക്കുകയും ചെയ്യുന്ന വമ്പിച്ച മുതലാളിമാരോട്ട് ഇനിയെങ്കിലും മേല്പറഞ്ഞ സാമൂഹ്യ രംഗങ്ങളിൽ അൽമായ പ്രേക്ഷിതരെ ഇറക്കുന്നതിന്നായി നാലു കാശെങ്കിലും ചിലവാക്കാൻ അങ്ങ് ഒന്നുപദേശിച്ചെങ്കിൽ!

എന്നാൽ കൃഷകക്ക് പരസ്പരം എപ്പോഴും കൂടികലന്നു നില്ക്കുവാൻ സാധിക്കാത്തവിധം അകലത്തിലുള്ള മലകളിലും ചരിവുകളിലും നിന്നു് പണിചെയ്യേണ്ടതിനാൽ കമ്മ്യൂ: പ്രചരണ തന്ത്രങ്ങൾ അധികം വിലപ്പോവുകയില്ല. നാലു മല കയറിയിറങ്ങുമ്പോൾ ഏതു കമ്മ്യൂ: നേതാവും മട്ടത്തു് വിശ്രമ കേന്ദ്രങ്ങളിലേക്കു മടങ്ങുവാൻ നിർബ്ബന്ധിതരാകും. എന്നാൽ കത്തോലിക്കരായ കൃഷകർ ഒരു നോട്ടീസു് പ്രചരണവും കൂടാതെ ഞാ

യറാഴ്ച ദിവസമെങ്കിലും പള്ളിയിൽ ഒന്നിച്ചു കൂട്ടമെ ന്നുള്ളതുകൊണ്ടു് അവർക്കു്, ധാർമ്മിക ചുമതലയും അ ദ്ധ്യാത്മിക ചൈതന്യവുമുള്ള വൈദീകർ, അവരുടെ ആത്മീയ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനു പുറമെ അവരുടെ ശരീര ആവശ്യങ്ങൾക്കെതിരായ ചൂഷണ ത്തിൽനിന്നു് രക്ഷിക്കുവാനും അവർക്കു് അത്യാവശ്യമാ യ സാമൂഹ്യ പ്രവർത്തനങ്ങൾക്കു് ആത്മാർത്ഥമായ നേ തൃത്വ സഹായ സഹകരണങ്ങൾ നല്കുവാനും മുതിരുക യാണെങ്കിൽ, ആ കർഷക കത്തോലിക്കരുമായിഒന്നിച്ചു കഴിഞ്ഞുകൂടേണ്ടിവരുന്ന ആശാരി, കൊല്ലൻ, തട്ടാൻ, വിവിധ കച്ചവടക്കാർ എന്നിവർക്കും അതുവഴി ഉപകാ രം സിദ്ധിക്കുകയും, കമ്മ്യൂക്കൾ ചാടിവീണു നഞ്ചുക ലക്കി മുതലെടുക്കാതിരിക്കുകയും ചെയ്യുമായിരുന്നു. അ തിനുള്ള ഒരു പുതിയ ഉണർവ്വു് വടക്കനച്ചന്റെ പ്രവർത്ത നത്തിൽനിന്നു് മററനേകം വൈദികർക്കും ഉണ്ടായിട്ടു ണ്ടു്. വളരെ മുമ്പേ ഉണ്ടാകേണ്ടിയിരുന്ന ഈ ഉണർവ്വി ന്റെ നാമ്പു് മുളയിലെ നശിപ്പിക്കുവാൻ എന്നവണ്ണം ആ വൈദികരെയെല്ലാം അങ്ങു് "പുരോഗാമികളും ക മ്പസാരക്കൂട്ടു് ദുർവിനിയോഗികളും" എന്നുംമററുമുള്ള തിളച്ച വെള്ളവും തീക്കനലുമിട്ടു് കരിച്ചുകളയുകയാ ണു്.

വികാരി ജനറാൾ:-

വൈദീകമേലദ്ധ്യക്ഷന്മാരുടെ ഇടയ ലേഖനത്തി നെതിരായി സ്വതന്ത്രന്മാരെ ജയിപ്പിക്കുവാൻ ഇക്കഴി ഞ്ഞ തെരഞ്ഞെടുപ്പിൽ ഫാ. വടക്കനും കൂട്ടാളികളും

പരസ്യമായി പ്രവത്തിച്ചതു് ശരിയാണോ?

വി. എൽ. തോമസ്സ്:-

അതിൻെറ കാരണങ്ങഠം പറയാം, ഇൻഡ്യയിലെ ഏററവും പ്രധാന നിഷ്പക്ഷവാദി ആയിരിക്കേണ്ട ലോകസഭാസ്പീക്കറായിരുന്ന അനന്തശയനം അയ്യങ്കാർ, അദ്ദേഹം സ്പീക്കറായിരിക്കുമ്പോഠം തന്നെ ഒരു പബ്ളിക്കു് മീററിങ്ങിൽവെച്ചു് "ഇൻഡ്യയും പാക്കിസ്ഥാനമായി വിഭജിക്കേണ്ടിവന്നതു് മുസ്ലിം മതത്തിൻെറ വളച്ചയെ തക്കകാലത്തു് തടയാതിരുന്നതുകൊണ്ടാണെന്നും ആ നിലയിൽ ക്രിസ്തുമതത്തിൻെറ വളച്ചയെ ഇപ്പോഠം തന്നെ തടഞ്ഞില്ലെങ്കിൽ ഇനി ഒരു "ക്രിസ്തുസ്ഥാൻ" കൂടി ഉണ്ടാകാമെന്നും പ്രസംഗിച്ചതായി പത്രപ്രസ്താവനയിൽ കണ്ടു. ആ പ്രസംഗത്തിനെതിരായി പ്രധാനമന്ത്രി ശ്രീ. നെഹ്റു യാതൊന്നും പറഞ്ഞതായി അറിഞ്ഞില്ല. എന്നാൽ ആ അടുത്തകാലത്തുതന്നെ നടന്ന ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിനോടനുബന്ധിച്ചു് അദ്ദേഹം കേരളത്തിൽ വന്നപ്പോഠം കത്തോലിക്കാ വൈദിക മേലദ്ധ്യക്ഷന്മാരുടെ പ്രസ്തുത ഇടയലേഖനത്തിന്നെതിരായി വിമർശനം നടത്തിയതു് അങ്ങയ്ക്കും അറിവുള്ളതാണല്ലോ?

"കൽക്കട്ട തീസ്സീസിൻെറ" അടിസ്ഥാനത്തിൽ ഇൻഡ്യൻ കമ്മ്യൂക്കഠം 1948ൽ ഇൻഡ്യയിൽ അങ്ങോളമിങ്ങോളം അട്ടിമറി, തീവെയ്പു് കൊള്ള കൊലപാതകം മുതലായവ നടത്തി അരാജകത്വം സൃഷ്ടിച്ചിട്ടുണ്ടു്. ഇപ്പോഴും ചൈനായുടെ ചാരന്മാരായി അവർ പലതും

പ്രവർത്തിക്കുന്നുണ്ടെന്നും അനേക ദൃഷ്ടാന്തങ്ങൾ ഉണ്ട്. ഇതെല്ലാം ആയിട്ടും അവരുടെ പ്രവർത്തനങ്ങളെ നിരോധിക്കുന്നതിന്ന ഇൻഡ്യാ ഗവ:ന്റ് യാതൊരു ആവശ്യവും തോന്നിയിട്ടില്ല. അതേസമയം വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആശുപത്രികൾ, ആതുരാലയങ്ങൾ മുതലായവ അനേകം ആളും അർത്ഥവും ചെലവാക്കി നടത്തുകയും ഇൻഡ്യൻ ജനതയെ പലവിധത്തിൽ സമുദ്ധരിക്കുക മാത്രം ചെയ്തുകൊണ്ടിരുന്ന വിദേശ മിഷ്യനറിമാരെ നിരോധിക്കുകതന്നെ ചെയ്തു.

ഒരു ഹരിജൻവീട്ടിലുള്ള അംഗങ്ങളിൽ തന്നെ ഹിന്തുമത വിശ്വാസിക്കും നിരീശ്വര വാദിക്കും എല്ലാവിധ ഗവർമെൻറ് ആനുകൂല്യങ്ങളും നല്കുമെങ്കിലും അതിലൊരുവൻ ക്രിസ്തുമതത്തിലേയ്ക്കു പരിവർത്തനം ചെയ്തുപോയാൽ ആ വ്യക്തിക്ക് അതുവരെ ലഭിച്ചിരുന്ന ആരുകൂല്യങ്ങളെല്ലാം നിഷേധിക്കപ്പെടുമെന്നും, വീണ്ടും അയാൾ ഹിന്തുമത വിശ്വാസിയായാൽ പ്രസ്തുത ആനുകൂല്യങ്ങളെല്ലാം നല്കുമെന്നുള്ള അവസ്ഥാവിശേഷം ഇൻഡ്യൻ മോഡലായ അക്രമരാഹിത്യ പരമായ മതമർദ്ദനമല്ലേ. ഇതേപ്പററി അങ്ങയുടെ "കത്തോലിക്കാ വൈദിക സാമൂഹ്യ സേവന" പുസ്തകത്തിൽ ഒരു വരപോലും കാണുന്നില്ലല്ലോ.

പ്രധാനമന്ത്രി നെഹ്റുവിൻെറ അഭിപ്രായങ്ങളോട് യോജിപ്പില്ലാതെ അധികാര മണ്ഡലങ്ങളിൽ തുടരുവാൻ പററുകയില്ലെന്നുള്ളതിന്ന ശ്രീ. ജോൺമത്തായി മുതലായവരുടെ ചരിത്രം ഉണ്ടല്ലൊ. നിർഭാഗ്യമെന്നുതന്നെ

പറയട്ടെ, കത്തോലിക്കാ താല്പര്യങ്ങളെക്കാറ സ്വന്തം ഉന്നമ്പ്യം മന്ത്രിസ്ഥാനങ്ങളും ലക്ഷ്യംവച്ചു പ്രവത്തിക്കുന്ന പല കത്തോലിക്ക എം. എൽ. എ. മാരും എം. പി. മാരും, കത്തോലിക്കക്ക് ഒരിക്കലും സ്വീകരിക്കാൻ സാധിക്കാത്തതും സന്ധിയില്ലാതെ സമരം ചെയ്യേണ്ടതുമായ കുടുംബസംവിധാന പ്രസ്ഥാനങ്ങളുടെ മുമ്പിൽ പോലും അയഞ്ഞ കമ്പളിപോലെയാണല്ലോ നിലകൊള്ളുന്നതു്. കത്തോലിക്കക്ക് നിഷിദ്ധമായ നിയമങ്ങറ രാജ്യസഭയിൽ 'സർവ്വസമ്മതമായി' പാസ്സായിരുന്നുവെന്നു് പിൻതലമുറക്കാർക്കു് ഇടർച്ചക്ക കാരണമാകുമാറ് ചരിത്ര രേഖവരാതെ കത്തോലിക്ക, എം. പി. മാർ ശക്തിയുക്തം എതിർത്തിട്ടും മൃഗീയ ഭൂരിപക്ഷത്തിൻെറ ശക്തിയിലാണു് അവ പാസ്സായതെന്നു് പിൻതലമുറ പഠിക്കവാനും, പൂർവ്വന്മാരുടെ മാതൃക സ്വീകരിച്ചുകൊണ്ടു് അവരും മേൽപടി നിഷിദ്ധ പ്രസ്ഥാനങ്ങളെ ശക്തിയുക്തം എതിർത്തുകൊണ്ടിരിക്കാനമായി ലോകസഭാ ചരിത്രറിപ്പോർട്ടിൽ രേഖയുണ്ടാകുവാനായി നെഹറുവിൻെറ ചീഫ് വിപ്പിനു കീഴ്പ്പെടാതെ കത്തോലിക്കരുടെ മൌലികതത്വങ്ങളെ കുറിച്ചു് ശക്തിയുക്തം സംസാരിക്കുവാൻ ഒരു സ്വതന്ത്രനെങ്കിലും ഇപ്രാവശ്യം ജയിച്ചുപോയാൽ അതുകൊണ്ടു കമ്മ്യൂവിനു വലിയ നേട്ടവും കോൺഗ്രസ്സിനു വലിയ കോട്ടവും തട്ടാനിടയില്ലെന്നും അതേ സമയം കത്തോലിക്കാതത്വങ്ങളുടെ സുരക്ഷിതത്തിന്നു് അത്യാവശ്യമാണെന്നു് മക്കളുടെ ആത്മരക്ഷയെ പ്രധാനമായി ആഗ്രഹിക്കുന്ന പല മാതാ

പിതാക്കളുടെയും മുറവിളിയെ—വടക്കനെച്ചൻ മാനിച്ചു കൊണ്ടു് അതിലേയ്ക്കു് ഒരു സ്വതന്ത്രനെ ജയിപ്പിക്കാൻ പരിശ്രമിച്ചെങ്കിൽ അതു് കമ്മ്യൂണിസം വളർത്തുവാനല്ല, കത്തോലിക്കാ ചൈതന്യത്തിൻെറ നിലനില്പിന്നു് അത്യാവശ്യമാണെന്നു് അനുഭവം പഠിപ്പിച്ചതു് കൊണ്ടാണു്.

കൂടാതെ പട്ടം, സി. കെ., മന്ദംഅച്ചുതണ്ടിൻെറ നിക്ഷിപ്തതാല്പര്യത്തിനൊത്ത പ്ലാനും ചിട്ടയും അനുസരിച്ചു് കോൺഗ്രസ്സിനെ കീഴമർത്തുന്ന ദുസ്തപടിമൂലം കമ്യൂക്കാറ മുതലെടുക്കുന്നു എന്നുള്ള യാഥാർത്ഥ്യം കേന്ദ്രത്തിൽ പച്ചവട്ടമണത്തിച്ചിട്ടും മേല്പടി അച്ചുതണ്ടിൻെറ സ്വാധീനശക്തിമൂലം കേന്ദ്രത്തിന്നു അതു മനസ്സിലായില്ല. ഇതിൻെറ പരിണിതഫലമായി അടുത്ത അസംബ്ളി തെരഞ്ഞെടുപ്പിൽ കമ്മ്യൂക്കറ വീണ്ടും അധികാരത്തിലേറുവാൻ ഇടയുണ്ടെന്നു ന്യായമായി ഊഹിക്കാമുയിരുന്നതുകൊണ്ടു് അങ്ങിനെയുള്ള ഭവിഷ്യത്തു സംഭവിക്കാതിരിക്കാൻ ഇക്കഴിഞ്ഞ പാർലിമെൻറ് തെരഞ്ഞെടുപ്പിൽ ഒന്നുരണ്ടു കോൺഗ്രസ് സ്ഥാനാർത്ഥികളെ തോല്പിച്ചുകൊണ്ടു് അവിടെ സ്വതന്ത്രരെ ജയിപ്പിച്ചാൽ കേന്ദ്രഭരണത്തിന്നു് "അതുകൊണ്ടു് വലിയകോട്ടം തട്ടുകയില്ലെന്നും, എന്നാൽ കേരള കോൺഗ്രസ്സ് നേതൃത്വത്തിൻെറ ദൂഷ്യങ്ങറ അതുമൂലം കേന്ദ്രത്തിന്നു മനസ്സിലാവുന്നതിൻെറ ഫലമായി കേരളത്തിൽ ഒരു നല്ല കോൺഗ്രസ് നേതൃത്വം ഉണ്ടാവുകയും അവരുടെ സൽപ്രവൃത്തനങ്ങളുടെ ഫലമായി ജനങ്ങളിൽ വിശ്വാസം

വദ്ധിക്കുകയും അടുത്ത അസംബ്ളി എലക്ഷനിൽ കോൺഗ്രസ്സിന്നു കേരള ഭരണം ഏറെറടുക്കുവാനുള്ള ശക്തിലഭിക്കുകയും ചെയ്യുമെന്നുള്ള ദീർഘവീക്ഷണത്തിൽക്കൂടിയുമാണു് വടക്കനച്ചൻ ചില സ്വതന്ത്രരെ സഹായിച്ചതും. ചില സ്ഥലങ്ങളിൽ അമരാവതി, കൊട്ടിയൂർ മുതലായ പ്രശ്നത്തിൽനിന്നുമുളവായ പ്രതികാരാഗ്നിയുടെ ഫലമായി കത്തോലിക്കരിൽതന്നെ ചിലർ കമ്യൂവിന്നു വോട്ടു ചെയ്യേണ്ടമെന്നു് മനസ്സിലായതിനാൽ അങ്ങനെയുള്ളവരുടെ വോട്ടു് കമ്മ്യൂവിന്നു ലഭിക്കാതിരിക്കാൻ മരവിപ്പിച്ചതും സദുദ്ദേശം കൊണ്ടുതന്നെയാണു്. എന്നിരുന്നിട്ടും മേലധികാരികൾ അതിന്നെതിരായി ആജ്ഞാപിച്ചപ്പോൾ, നാനാജാതി മതസ്ഥരുടെയിടയിലും വളരെ പേരും പെരുമയും സിദ്ധിച്ചിരുന്ന വടക്കനച്ചൻ എളിമയുടെയും, അനുസരണയുടെയും ചൈതന്യത്തിന്നു പ്രേരിതനായി എല്ലാവരുടേയും മുമ്പിൽ ഒരു സങ്കോചവുംകൂടാതെ "എനിക്കു തെററുപററി" എന്നു ഏററു പറയുവാൻ സന്നദ്ധനായല്ലോ. എന്നാൽ വളരെ പുണ്യവും കത്തോലിക്ക ചൈതന്യവും നിലനിത്താൻ മുമ്പോട്ടുവന്നിട്ടുള്ള വികാരി ജനറാളായ അങ്ങയുടെ പ്രസ്താവനവഴി കമ്മ്യൂണിസ്റ്റ്കാർ മുതലെടുപ്പുനടത്തുകയും കത്തോലിക്കരുടെ അദ്ധ്യാത്മിക മണ്ഡലങ്ങളെക്കുറിച്ചു കത്തോലിക്കർക്കും ഇതര മതസ്ഥർക്കും തെററിദ്ധാരണയും അന്തഃഛിദ്രവും തല്പര കക്ഷികൾക്കു് മുതലെടുപ്പു് മാർഗ്ഗവുമായി അധഃപതിച്ചിട്ടുണ്ടെന്നും ഇനിയും അനേകം നാശഫലങ്ങൾ ഉണ്ടാകുവാൻ ആ പ്രസ്താവനമൂലം ഇട

വരുമെന്നും വളരെ ദൃഷ്ടാന്തങ്ങൾസഹിതം ഞാൻ സമ ൎത്ഥിച്ചതിന്ന എതിരു പറയുവാൻ യാതൊരു ന്യായവും അങ്ങേക്കിതുവരെ കിട്ടിയില്ലല്ലോ അ സ്ഥിതിക്ക് ആ പ്രസ്താവന ഖേദപൂൎവ്വം പിൻവലിക്കുമെങ്കിൽ ;തെററു പററാത്ത അധികാരികൾ ഇല്ലെന്നും എന്നാൽ തെ ററു ബോദ്ധ്യപ്പെട്ടാലും അവയിൽ നിർബന്ധപൂൎവ്വം ഉ റച്ചു നില്ക്കുന്നതാണ് നാശമെന്നും, എന്നാൽ തൃശ്ശൂർ വികാരി ജനറാളിനെ ആരോ കുബുദ്ധികൾ തെററിദ്ധ രിപ്പിച്ചതിനാൽ അദ്ദേഹം പ്രസ്തുത പ്രസ്താവന ഇറക്കേ ണ്ടിവന്നെങ്കിലും സത്യാവസ്ഥ മനസ്സിലായപ്പോൾ ആ പ്രസ്താവന പിൻലിച്ചെന്നും ഇതുപോലെയുള്ള ഭരണാ ധികാരികളെയാണ് ഇന്നു അത്യാവശ്യമെന്നും എല്ലാ വരും സ്തുതിക്കതന്നെ ചെയ്യും.

കേന്ദ്ര റെയിൽവെ മന്ത്രിയായിരുന്ന ശാസ്ത്രി അ ദ്ദേഹത്തിന്ന് ഉത്തരവാദിത്വമില്ലാതിരുന്ന ഒരു തീവ ണ്ടിയപകടത്തിന്റെ ഖേദ സൂചകമായി മന്ത്രിസ്ഥാനം രാജിവച്ചപ്പോൾ അദ്ദേഹത്തിന്റെ പെരുമ വളരെ യേറെ വൎദ്ധിക്കുകയും, ഇപ്പോൾ അദ്ദേഹം ആഭ്യന്തര മന്ത്രിയും സൎവ്വ ആദരണീയനും ആവുകയും ചെയ്തു. ശാ രീരികമായി മാത്രമല്ല ആത്മീയമായി പോലും അനേ കരിൽ അനേകനാൾ നീണ്ടുനില്ക്കാവുന്ന ഭയങ്കര നാശ നഷ്ടങ്ങൾ അങ്ങയുടെതന്നെ പ്രസ്താവനയിൽനിന്നു ഉണ്ടാ യിട്ടുണ്ടെന്നു് ബോദ്ധ്യമായെങ്കിൽ അതിന്നു പരിഹാര വും സമാധാനവും ഉണ്ടാകുവാൻ അങ്ങു ജനറാൾ സ്ഥാ നത്തുനിന്നും വിരമിക്കുകയും, നിഷ്പക്ഷനും സൎവ്വാദരണീ

യനമായ ഒരു വന്ദ്യ വൈദീകനെ ഇസ്ഥാനത്തു വച്ചു തൃശ്ശൂർ അരമനയുടെ നേരെ ചുരുക്കം ചിലനിക്ഷിപ്തതാല്പര്യക്കാരൊഴിച്ച് മററെല്ലാവർക്കുമുണ്ടായിട്ടുള്ള അമർഷവും വിദ്വേഷവും അവസാനിപ്പിച്ച് സമാധാനവും ഐക്യവും പുന:സ്ഥാപിക്കാൻ എ. പെ. ബ. മെത്രാൻ തിരുമേനിയോടു അപേക്ഷിക്കുകയും ചെയ്യുകയാണ് നല്ലതു്. സഭയേയും എന്നെപ്പോലുള്ള സാമൂഹ്യ പ്രവർത്തകരുടെ ജീവനേയും ഞങ്ങളുടെ കുഞ്ഞുങ്ങളെയുമോർത്ത് അങ്ങു ഇപ്രകാരം ചെയ്യുമൊ?

(ഉത്തരമില്ല.)

"കൃഷക തൊഴിലാളി പാർട്ടി" ഉണ്ടാക്കിയതിനെക്കുറിച്ചും, മെമ്മോറാണ്ടത്തിൽഒപ്പിട്ട വൈദികരിൽ അങ്ങ് കററാരോപണം ചുമത്തിയട്ടുണ്ടല്ലോ? മെമ്മോറാണ്ടത്തിലൊപ്പിട്ട എല്ലാ വൈദികരും "കർഷക തൊഴിലാളി" പാർട്ടിക്ക് അനുകൂലികളാണെന്ന് അങ്ങയ്ക്ക് എങ്ങിനെ തീരുമാനിക്കുവാൻ സാധിച്ചു? വല്ലവരും "കർഷക തൊഴിലാളി" പാർട്ടിയെ അനുകൂലിക്കുന്നുണ്ടെങ്കിൽ തന്നെ അവർക്ക് അതിന്ന് സ്വാതന്ത്ര്യമില്ലേ? അവർ അതിൽ കാണുന്ന നല്ലവശമെന്തൊക്കെയാണെന്ന് അങ്ങ് ഒന്ന് തിരക്കുകയെങ്കിലും ചെയ്തോ? കുടുംബ സംവിധാനം, വിദ്യാഭ്യാസ ദേശവൽക്കരണം, നിരീശ്വരത്വം, ക്രിസ്തീയ വിദ്വേഷം മുതലായി കോൺഗ്രസ്സിൽ വളർന്നുവരുന്ന ദുഷ് പ്രവണതകൾ കണ്ടിട്ട് പലരും ഇന്നു് കോൺഗ്രസ്സിനെ വെറുക്കുന്നുണ്ട്. അതുകൂടാതെ **P. S. P** മിക്കവാറും ഇവിടെ

തരിപ്പണമായതിനാലും, ചില എക്സ് M. L. A. മാരുടെ വ്യക്തിപരമായ നിരാശയിൽ നിന്നു് മുളയെടുക്കുന്ന കുട്ടിപ്പാർട്ടികളിൽ ജനങ്ങൾക്കു് വിശ്വാസമില്ലാതായിരിക്കുന്നതുകൊണ്ടും; ഏതാണ്ടു് ഒരു ത്രാസ്സിന്റെ രണ്ടു തട്ടുപോലെ കോൺഗ്രസ്സും കമ്മ്യൂണിസ്റ്റ് പാർട്ടിയും മാത്രമായി ശേഷിച്ചിരിക്കുകയാണു്. (മുസ്ലീം ലീഗിനെ ഒഴിച്ചു്) കോൺഗ്രസ്സിലെ ദുഷ്പ്രവണതകളും തൊഴുത്തിൽ കുത്തുകളും കൃഷക ദ്രോഹ പ്രവൎത്തനങ്ങളും മററും കാരണത്താൽ നാനാജാതി മതസ്ഥരിൽ അദ്ധ്വാനിക്കുന്നവർ അധികവും കോൺഗ്രസ്സിനോടു് എതിർ മനോഭാവമുള്ളവരായിക്കഴിഞ്ഞു.

ദുൎഗ്ഗന്ധ പൂരിതമായ ഒരു വടികണ്ടു് അറച്ചുമാറിയ ഒരാൾ പെട്ടെന്നു് ഒരു ദുഷ്ടന്റെ ധിക്കാരപരമായ മൎദ്ദനത്തിന്നു് വിധേയനായാൽ, പ്രതികാരാഗ്നി ആളിക്കത്തിയിട്ടു് മുമ്പു് അറച്ച വടി "ഉപയോഗം കഴിഞ്ഞു് കൈകഴുകാ"മെന്ന ഉദ്ദേശത്തോടെ ഓടിച്ചെന്നെടുത്തു് ശത്രുവിന്റെ തലയ്ക്കടിച്ചുപോകുന്നതു പോലെ ദൈവവിശ്വാസികളായുള്ളവരിൽ പലർപോലും കോൺഗ്രസ്സിൽനിന്നു് സഹിച്ചുകൂടാത്ത അനുഭവങ്ങളുണ്ടാകുമ്പോൾ പ്രതികാരാഗ്നിയോടെ കമ്മ്യൂക്കളുമായി കൂട്ടുചേൎന്നുപോകുന്ന അനുഭവങ്ങൾ ധാരാളം ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾ, സാമൂഹ്യ രംഗങ്ങളിലൊന്നും ഇടപെടാതെ അധികാര പീഠങ്ങളിൽ ഇരുന്നുകൊണ്ടു് തത്വോപദേശങ്ങളും ഭീഷണിയും താറടിയും മാത്രം നടത്തിയാൽ അതനുസരിക്കാൻ മാത്രം പുണ്യ ചൈതന്യ

മുള്ളവർ കത്തോലിക്കരിൽത്തന്നെ എത്രയുണ്ടാകും. കുറച്ചുപേർ ഉണ്ടെങ്കിൽതന്നെ ആ അനുസരണം എത്രനാൾ നിലനില്ക്കും.

കോൺഗ്രസ്സ്, കമ്മ്യൂണിസ്റ്റ് എന്ന രണ്ടു തട്ടുമാത്രം ഇന്നുള്ളതുകൊണ്ടും കമ്മ്യൂക്കളുടെ പ്രവൎത്തന വൈദഗ്ദ്ധ്യം കൊണ്ടും, കോൺഗ്രസ്സുകാൎക്ക് ഉരുട്ടിപ്പിടുത്തമൊഴിഞ്ഞിട്ടു നേരമില്ലാത്തതിനാലും പത്തുപേർ കോൺഗ്രസ്സിൽനിന്ന് കമ്മ്യൂ: തട്ടിൽ സ്വയം ചാടിവീഴുമ്പോൾ ഒരാളെ മാത്രമെ കോൺഗ്രസ്സ തട്ടിലേയ്ക്കു് വല്ലപാടും വലിച്ചുകയററാൻ സാധിക്കുന്നുള്ളു. വിമോചന സമരം പോലെ വികാരപരമായ കുറുക്കുവഴികൾ എപ്പോഴും ഉതകിയെന്നു വരുകയില്ല. ഈ സ്ഥിതിക്ക് കോൺഗ്രസ്സിൽനിന്ന് വെറുപ്പോടെ ചാടേണ്ടിവരുന്നവർ കമ്മ്യൂവിൽ പോയി വീഴാതെ രക്ഷിച്ചെടുക്കുവാനും കോൺഗ്രസ്സിൻെറ ദുഷ്പ്രവണത കാരണത്താൽ മാത്രം കമ്മ്യൂണിസത്തിൽനിന്നു പോരുവാൻ തോന്നാതെ അതിൽ നില്ക്കുന്നവരെ വീണ്ടെടുക്കുന്നതിന്നുമുള്ള പാശ്ചാത്തലമായും; ഉദ്ദേശശുദ്ധിയും ആത്മാൎത്ഥതയും സാമൂഹ്യ രംഗത്ത് തെളിയിച്ചിട്ടുള്ളവരാൽനയിക്കപ്പെടുന്നതും. അദ്ധ്യാത്മിക തത്വങ്ങളൊന്നും ബലികഴിക്കുവാനിടയില്ലാത്തവണ്ണം നിർമ്മലവും വിട്ടുവീ യില്ലാത്ത ദൈവവിശ്വാസത്തിന്ന് യോജിച്ച തരത്തിലുള്ള വിശുദ്ധ ലക്ഷ്യങ്ങളും പരിപാടികളുമുള്ളതും ദൈവവിശ്വാസികൾക്കല്ലാതെ നിരീശ്വരവാദികൾക്കും നിക്ഷിപ്തതാല്പര്യക്കാൎക്കും പ്രവേശനം അനുവദിക്കാത്തതുമായ മൂ

ന്നാമതൊരു രാഷ്ട്രീയപ്പാർട്ടി അത്യാവശ്യമായിവന്ന ഒരു സാഹചര്യത്തിൽ നിന്നുമാണു് "കൃഷക തൊഴിലാളി"പാർട്ടി രൂപം പ്രാപിച്ചതു്. എന്തുതന്നെയായാലും കോൺഗ്രസ്സിൽ അടിയുറച്ചു നില്ക്കുമെന്നുള്ളവർ വേറെ ഏതു പാർട്ടികളുണ്ടായാലും കോൺഗ്രസ്സിൽനിന്നു പോരുകയില്ല. എന്നാൽ ഈ അടുത്ത കാലത്താണു് "കൃഷക തൊഴിലാളി'' പാർട്ടി ഉണ്ടായതെങ്കിലും പലകാരണങ്ങളാൽ ദൈനംദിനം ആവേശ ഭരിതരായി പ്രസ്തുത പാർട്ടിയിൽ ചേർന്നുകൊണ്ടിരിക്കുന്നവരിൽ ഭൂരിപക്ഷം പേരും ഈയവസരത്തിൽ ഈ പാർട്ടി ഉണ്ടാകാതിരുന്നെങ്കിൽ കമ്മ്യൂണിസ്റ്റ്കാരുമായി കൂട്ടുചേർന്നു പോകുമായിരുന്നു. കമ്മ്യൂവിൽചെന്നു് കുടുങ്ങിപ്പോയാൽ അവരെ പിന്നെ തിരിച്ചെടുക്കുവാൻ അത്ര എളുപ്പമല്ലല്ലോ.

കമ്മ്യൂ: തത്വത്തിന്റെ അടിസ്ഥാനം നിരീശ്വരത്തവും, 'കൃഷക തൊഴിലാളി'പാർട്ടിയുടെ തത്വാടിസ്ഥാനം കലർപ്പില്ലാത്ത ദൈവ വിശ്വാസവും. ആയതിനാൽ ഏതെങ്കിലും സാഹചര്യത്തിൽ, കമ്മ്യൂ:, കോൺ: എന്നീ രണ്ടു പാർട്ടികളിൽ ഒന്നുമായി ഐക്യമുണ്ടാക്കാനിടവന്നാൽ നിരീശ്വരത്വത്തിന്റെയും ദൈവവിശ്വാസത്തിന്റെയും ഇടയിൽ നിഷ്പക്ഷാഭിപ്രായമെങ്കിലുമുള്ള കോൺഗ്രസ്സുമായിട്ടേ ആ ഐക്യമുണ്ടാകാനിടയുള്ളുവെന്നും വ്യക്തമാണു്.

കഴിഞ്ഞകാല ചരിത്രത്തിൽക്കൂടി ഒന്നു ചിന്തിക്കുകയാണെങ്കിൽ ശ്രീ: തയ്യിലും കുഞ്ഞിത്തൊമ്മനും മററും

നിയമസഭയിലുണ്ടായിരുന്നകാലത്തു് കത്തോലിക്കാത്വ താല്പര്യങ്ങൾക്കുവേണ്ടി നട്ടെല്ലോടെ അവർ വാദിക്കുകയും മററുള്ളവർ അതു ചെവിക്കൊള്ളുകയും ചെയ്തിരുന്നു. എന്നാൽ ഇന്നു് കത്തോലിക്കാ M. L. A. മാർ കത്തോലിക്കരുടെ താല്പര്യങ്ങൾ പറയുവാൻ ലജ്ജിക്കുകയും ഭയപ്പെടുകയും ചെയ്യേ രീതി എന്ന അവസ്ഥാവിശേഷമായിട്ടുണ്ടു്. ഈ നിലയിൽ കുറച്ചുനാൾ കഴിയുമ്പോൾ കത്തോലിക്കാ ദൈവവിശ്വാസമുള്ളവക്കു് ഇവിടത്തെ രാഷ്ട്രീയത്തിലും മററു തുറകളിലും മുമ്പോട്ടുപോകുവാൻ സാധിക്കാതെയാകാനിടയുണ്ടു്. അന്നു് വ്യക്തിപരമായ രാഷ്ട്രീയ നിരാശയോടെ ചില കത്തോലിക്കാ M .L. A. മാർ പെട്ടന്നു് ഒരു രാഷ്ട്രീയപാർട്ടി ഉണ്ടാക്കിയാൽ അതിനോടു് ചേരുവാൻ ആരുമുണ്ടാവുകയില്ല. എന്നാൽ വർഗ്ഗീയ മേധാവിത്വ ലക്ഷ്യവും പോരുമൊന്നുമില്ലാത്ത നാനാജാതി മതത്തിൽപെട്ട ദൈവവിശ്വാസികളായ കർഷകരും തൊഴിലാളികളും നേടരുടെ നീറുന്ന പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണുവാൻ തോളോടുതോൾ ചേർന്നുനിന്നു് അവക്കെതിരായ നിക്ഷിപ്ത താല്പര്യശക്തികളോടെല്ലാം ഏററുമുട്ടി വിജയിച്ച ചരിത്രരേഖകളുള്ളതും ആരും സ്വാർത്ഥോദ്ദേശങ്ങൾക്കായി ദുരുപയോഗിച്ചിട്ടില്ലാത്തതുമായ ഒരു പാർട്ടി നേരത്തെ പടന്നു പന്തലിച്ചുനിന്നാൽ ഒരുപക്ഷെ P. T. ചാക്കോയ്ക്കുപോലും സന്മനസ്സുണ്ടാകുന്ന കാലത്തു് അതുപകരിക്കാനിടയുണ്ടു്. ആ പാർട്ടിയിൽ ദൈവവിശ്വാസികളും നിസ്വാർത്ഥരുമായമററുസമുദായാംഗങ്ങ

ളോടൊപ്പം കത്തോലിക്കരുടെ തത്വങ്ങൾക്കും സുര ക്ഷിതത്വമുണ്ടായിരിക്കും. ഒരുനാൾ കോൺഗ്രസ്സ് ന ന്നാവുകയും ആ നന്മ നിലനില്ക്കുമെന്നുറപ്പുണ്ടാകുവാൻ വഴികാണുകയും ചെയ്താൽ ഈ പാർട്ടി കോൺഗ്രസ്സിൽ ലയിക്കാൻ പ്രയാസമുണ്ടാകുകയില്ല. മേലുദ്ധരിച്ച കാ രണങ്ങളാൽ ഇപ്പോൾ ഈ പാർട്ടി അനേകർക്ക് ആവ ശ്യമാണെന്നും അല്ലെങ്കിൽ കമ്മ്യൂ:വിന്നാണ് അതുകൊ ണ്ടു ഗുണമുണ്ടാവുന്നതെന്നും മുമ്പ് ഞാൻ സമർത്ഥിച്ച ല്ലോ? ഈപറഞ്ഞതിനെല്ലാം അങ്ങയ്ക്കു വല്ല എതിർ ന്യായവും പറയുവാൻ തോന്നുന്നുണ്ടെങ്കിൽ അതൊന്നു പറഞ്ഞുതന്നാൽ വളരെ ഉപകാരമായിരുന്നു.

(ഉത്തരമില്ല)

ഞങ്ങളുടെ സംഭാഷണം നടക്കുമ്പോൾ വികാരി ജ നറാൾ "പെ. ബ. മലാക്കിയൂസ് സി. എം. ഐ. യ്ക്കു ള്ള മറുപടി" എന്നപേരിൽ അദ്ദേഹം ഇംഗ്ലീഷിൽ അടിച്ചിറക്കിയ പ്രസ്താവനയുടെ ഒരു കോപ്പി എനിക്കും തന്നു. പ്രസ്താവനയുടെ അവസാനഭാഗത്തു "ഈ എഴു ത്തിൻെറ ഉള്ളടക്കം സഭാസംബന്ധമായ പ്രാധാന്യമു ള്ളതാകയാൽ എഴുത്തിൻെറ പകപ്പുകൾ ബന്ധപ്പെട്ട എല്ലാ മേലധികാരികൾക്കും അയച്ചുകൊടുക്കുന്നു." എ ന്നു പ്രത്യേകമായി രേഖപ്പെടുത്തിയാണു ഉപസംഹരി ച്ചിരിക്കുന്നതു്.

കൃഷ്ണയ്യരുടെ പത്രമായ എക്സ്പ്രസ്സ് വഴിയും, വാ യ്യരുടെ പത്രമായ (കമ്മ്യൂ:) നവജീവൻ വഴിയും, കേശ വമേനോൻെറ പത്രമായ മാതൃഭൂമി വഴിയായും മററു

പോലുള്ള സവർണ്ണ പത്രങ്ങൾ വഴിയായും മാത്രമാണ് ജനങ്ങൾ ആ 'പ്രസ്താവന വായിച്ചറിയുവാൻ ഇടയായതു്. ഇതിൽനിന്നു് "സഭാസംബന്ധമായ' എന്നു പറഞ്ഞിരിക്കുന്നതിൽ 'സഭ' എന്ന വാക്കു കാത്തോലിക്കാ സഭയെക്കുറിച്ചാണെന്നു കരുതുവാൻ വഴികാണുന്നില്ല. അയ്യരു, നായരു, വാര്യരു, മേനവൻ എന്ന; അധഃകൃത അവർണ്ണ ദ്രോഷത്തിൻെറ നിഴൽപോലും തീണ്ടിയിട്ടില്ലാത്ത നവംനിമ്മലമായ സവർണ്ണ സഭയെ കുറിച്ചാണെന്ന വാക്കും അനുഭവവുമായി താരതമ്യപ്പെടുത്തുന്നവക്കു് ഊഹിക്കുവാൻ സാധിക്കുകയുള്ളു. പ്രസ്തുത അനുഭവത്തിൻെറ വെളിച്ചത്താൽ "ബന്ധപ്പെട്ട അധികാരികൾ" എന്നു പറഞ്ഞിരിക്കുന്നതു് വികാരി ജനറാളിൻെറ മേലധികാരികൾ മുൻപറഞ്ഞ അയ്യരു് നായരു് വാര്യരു മേനവരാണെന്നു് തോന്നിപ്പോകും. ഈ അത്ഥത്തിൽ അദ്ദേഹം തൃശ്ശൂർ വികാരി ജനറാൾ സ്ഥാനത്തിരുന്നുകൊണ്ടു് കൊട്ടിയൂർ ദേവസ്വം ഊരാളൻെറ ഉത്തരവാദിത്വമാണോ, നിവ്വഹിച്ചുകൊണ്ടിരിക്കുന്നതെന്നു് തോന്നിപ്പോകുന്നു.

ഇൻറർനൻഷ്യോവിന്നു് വൈദീകർ സമർപ്പിച്ചുവെന്നു് പറയപ്പെടുന്നതും എന്നാൽ ഹൈന്ദവ പത്രങ്ങളിലെന്നല്ല, ക്രൈസ്തവ പത്രങ്ങളിൽപോലും ആരും ഇതുവരെ പരസ്യപ്പെടുത്താത്തതും പരമ രഹസ്യമായി വെച്ചിരിക്കുന്നതും അൽമായ കത്തോലിക്കക്കുപോലും അതിലെ ഉള്ളടക്കം ആധികാരികമായി ലഭിച്ചിട്ടില്ലാത്തതും ആയ ഒരു മെമ്മോറാണ്ഡത്തെ കുറിച്ചാണു്, ഉത്ത

രവാദപ്പെട്ട സ്ഥാനത്തിരിക്കുന്ന ഒരു സഭാധികാരി സഭയിൽ അപമാനവും ദുഷ്ചരിതിരിവും ഏറ്റമുട്ടലും ഉണ്ടാകത്തക്കവിധം വ്യക്തിഗതമായൊരു കത്ത് ഹൈന്ദവ-കമ്മ്യൂണിസ്റ്റ് പത്രങ്ങൾവഴി ബഹുമുഖമായ ദുർവ്യാഖ്യാനങ്ങളോടുകൂടി പ്രസിദ്ധീകരിക്കാനിട നൽകിയതു്; ഇതിൽപരം അധികാര ദുർവിനിയോഗം മറെറന്താണുള്ളതു്?

**N. B.** ഞാൻ പറഞ്ഞതെല്ലാം ശരിയാണെന്നുള്ള ഭാവേന മൗനം ദീക്ഷിച്ചിരിക്കുകയും വ്യക്തമായി ഒന്നും പറയാതെ വികാരി ജനറാൾ അന്നത്തെ സംസാരത്തിന്നു് വിരാമമിടുകയുമാണു് ചെയ്തതു്. ഞങ്ങളുടെ സംഭാഷണത്തിൽ തൃശ്ശൂർ അരമനയിലെ, പെ. ബ. ചാൻസലർ അച്ചനും കുറെ സമയം പങ്കെടുക്കുകയും മററു ചില അച്ചന്മാർ കേൾക്കുകയും ചെയ്തിട്ടുണ്ടു്. എന്നുയും പെ. ബ. മെത്രാൻ തിരുമേനിയോടും പ്രസ്തുത സംഭാഷണത്തിൻെറ രത്നച്ചുരുക്കം ഞാൻ അന്നുതന്നെ ബോദ്ധ്യപ്പെടുത്തി. എന്തെങ്കിലും നന്മയുണ്ടായേക്കുമെന്നു് പ്രതീക്ഷിച്ചുകൊണ്ടു പിറെറ ദിവസം അരമനയിൽ ഇതേക്കുറിച്ചുള്ള ചലനങ്ങൾ ഞാൻ അറിഞ്ഞുകൊണ്ടിരുന്നു എന്നാൽ വികാരി ജനറാൾ തൻെറ മുൻ അഭിപ്രായത്തിൽ തന്നെ ഉറച്ചുനില്ക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞതുകൊണ്ടു് 16-ാം തിയതി വൈകീട്ടു് വികാരി ജനറാളിൻെറ സ്ഥാപനവും താമസ സ്ഥലവു

മായ ഡാമീയൻ ഇൻസ്റ്റിട്ട്യൂട്ടിൽ ചെന്ന മുൻ ദിവസങ്ങളിലെ സംഭാഷണത്തിൻെറ തീരുമാനങ്ങൾ ഒന്നുകൂടി അദ്ദേഹത്തോട് ആരാഞ്ഞു. എന്നാൽ മുൻദിവസങ്ങളിൽ അരമനയിൽ വച്ച് എൻെറ സംഭാഷണം കേൾക്കുവാൻ അദ്ദേഹം കാണിച്ച സൗമ്യതയോ സന്മനസ്സോ ഒന്നും കാണിക്കാതെയും വ്യക്തമായൊന്നും പറയാതെയും അല്പം ഹൃദയവേദന തോന്നത്തക്ക വിധത്തിൽ ചില പെരുമാററങ്ങൾ കാണിക്കുകയും ചെയ്തു. ഡാമീയൻ ഇൻസ്റ്റിട്ട്യൂട്ടിൽ ഞാൻ ചെന്നതും സംസാരിച്ചതും അവിടത്തെ ചില ബ. കന്യാസ്ത്രീകൾക്കും ജോലിക്കാൎക്കും അറിവുള്ളതാണ്.

14984

പെ. ബ: മലാക്കിയൂസച്ചൻെറ രഹസ്യക്കത്തിന്നു വികാരി ജനറാൾ പരസ്യമായി ഒരു മറുപടി പുറപ്പെടുവിക്കുകയും തദ്വാരാ ആയിരക്കണക്കിന്ന് വൈദീകർ നിന്ദിതരും അവമാനിതരും ആയിത്തീരാൻ സംഗതിയായി. ഇത്തരം ഒരു സംഭവവികാസത്തിന്നു കാരണഭൂതരും വികാരി ജനറാളിൻെറ പിന്നണിയിൽ അണിനിരന്നിട്ടുള്ളവരുമായ പലരേയും എനിക്കറിയാം. അവരുടെ നാമങ്ങളും പ്രവൎത്തനരീതികളും ഇത്തരുണത്തിൽ പ്രസ്താവിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഞങ്ങളുടെ രഹസ്യ സംഭാഷണം പരസ്യപ്പെടുത്താൻ ഞാൻ അശേഷം ആഗ്രഹിച്ചിരുന്നതുമില്ല. എന്നാൽ ഓരോ ദിവസവും കഴിയുംതോറും വികാരി ജനറാളച്ചനും കൂട്ടാളികളും ഏതോ ഒരു മഹാകാൎയ്യത്തിൽ വിജയിച്ചതുപോലെയുള്ള ജയഭേരി മുഴക്കുന്നതുപോലെ മനസ്സിലാക്കാൻ

കഴിയും. ഈ നിലയിൽ തെററിദ്ധരിച്ചവരും കഷ്ടപ്പാടു സഹിക്കുന്നവരുമായ ബഹുജനങ്ങൾ എല്ലാവരും സംഗതികളുടെ ഗൗരവം ശരിയായി മനസ്സിലാക്കുവാനും തൽഫലമായി പലരുടെയും ഹൃദയവേദന സംഘടിതസ്വരത്തിൽ വികാരി ജനറാളുടെ മക്കടമുഷ്ടിയുടെ മുമ്പിൽ പ്രകടമാക്കാനും അങ്ങിനെ സമുദായത്തിന്നു് നേരിട്ട അവമാനം പരിഹരിക്കാൻ പര്യാപ്തമാകുമെന്നുള്ള പ്രതീക്ഷമാത്രമാണു് ഈ സാഹസത്തിനു് എന്നെ പ്രേരിപ്പിച്ചതു്.

## കൃതജ്ഞത

കത്തോലിക്കാ സഭക്കു് നേരിട്ട ഈ മുറിവിനെ വല്ലവിധവും ഉണക്കുവാനുള്ള എന്റെ ഈ എളിയ പരിശ്രമത്തിൽ വളരെ ജോലിത്തിരക്കുകൾ ഉണ്ടായിരുന്നിട്ടും കാര്യഗൌരവം മനസ്സിലാക്കിക്കൊണ്ടു് എന്റെ കയ്യെഴുത്തു് പ്രതിയിൽ സംഭവിച്ചിരുന്ന അക്ഷരത്തെററുകൾ തിരുത്തുക, പ്രൂഫ് പരിശോധിക്കുക മുതലായ സഹായങ്ങൾ ചെയ്തുതന്ന എന്റെ അദ്ധ്യാപക സുഹൃത്തുക്കൾ ശ്രീ. വി. ജോർജ്ജ് B. A; B. T; (പാലക്കുടി) എം. എം. മത്തായി (ആലപ്പി) പി. വി. തോമാസ് (കൊല്ലം) എന്നിവരോടും, ഇതു് അതിവേഗം അടിപ്പിച്ചുതരുവാൻ വേണ്ട ഒത്താശ ചെയ്തുതന്ന ശ്രീ. T. C. ജോണി അഴീക്കോട് അവർകളോടും, വളരെ ക്ലേശങ്ങൾ സഹിച്ചു് അച്ചടിച്ചുതന്ന അൽ-ഇർശാദ് പ്രസ്സ് ഭാരവാഹികളോടും എന്റെ അകമഴിഞ്ഞ കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.

By. V. L. Thomas (Alleppey)
Barananghanam P. O.
(Via) Palai

(പകർപ്പവകാശം ലേഖകനു്)

അൽ-ഇർശാദ് പ്രസ്സ്, അഴീക്കോട്.

567
36

DHARMARAM COLLEGE LIBRARY
14984
BANGALORE.

റൈററ്: റവ: മോൺ:
പോൾ ചിററിലപ്പിള്ളിയുടെ

# നിർഭാഗ്യകരമായ പ്രസ്താവന.